വാല്യം 5
2021 – 2022

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# സോഷ്യോളജി ഗവേഷണ ജേണൽ

Included in UGC Care List



# സാമൂഹികത വൈജ്ഞാനിക വിചാരങ്ങൾ

ഇഷ്യു എഡിറ്റർ
ഡോ. കെ.എസ്. ഹക്കിം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

സോഷ്യോളജി ഗവേഷണ ജേണൽ

# സമീക്ഷ

(വർഷത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നത്)

## ഉള്ളടക്കം


എഡിറ്റോറിയൽ 04

ഭാഷയുടെ പ്രതീകാത്മക മൂല്യം:
പിയർ ബോർദ്യുവിന്റെ ചിന്തകളിലൂടെ
പി. അജ്മൽ ഷാജഹാൻ 05-34

ബ്രൂണോ ലത്തൂർ: സംവേദങ്ങളുടേയും സംയോജനങ്ങളുടേയും
സമൂഹശാസ്ത്രപഠനത്തിന് ഒരാമുഖം
പി. കൃഷ്ണനുണ്ണി 35-48

കലാരൂപവും സാമൂഹ്യചരിത്രവും :
പിയറി മാഷറെ, ഫ്രഡറിക് ജെയിംസൺ,
ടെറി ഈഗിൾടൺ എന്നിവരുടെ
ചിന്താലോകത്തെ മുൻനിർത്തിയുള്ള അവലോകനം
ഷെഫീക് ഇബ്രാഹിം 49-73

ഘടനാവാദാനന്തരചിന്തയും മലയാളിയുടെ
വിമർശാവബോധവും:
ഒരു സമൂഹശാസ്ത്രപഠന വിശകലനം
കെ. മഞ്ജു 74-93

മതനൈതികസങ്കല്പങ്ങളും യുക്തിഭദ്രമായ
സാമ്പത്തികപ്രമാണങ്ങളുടെ വികാസവും: മാക്സ് വെബറുടെ
ഗവേഷണങ്ങളിലേക്ക് ഒരു പ്രവേശിക
കെ. എസ്. ഹക്കിം 94-114

അനുദിനജീവിത പരികല്പനകളും സമൂഹവും :
ഹെൻറി ലെഫേബ്വറിന്റെ ചിന്താപദ്ധതിയെ
മുൻനിർത്തിയുള്ള ഒരു അന്വേഷണം
മാത്യു സാം 115 -132

ഭാഷയുടെ സമൂഹശാസ്ത്രം :
ജോഷ്വാ എ. ഫിഷ്മാന്റെ സൈദ്ധാന്തിക-രീതിശാസ്ത്രസമീപനങ്ങൾ
സി. സെയ്തലവി 133-153

സംസ്കാരപഠനത്തിന്റെ മലയാളവഴികൾ:
സ്റ്റുവർട്ട് ഹാളിന്റെ ചിന്താപദ്ധതികളും സ്കറിയാ സക്കറിയയുടെ
വിചാരലോകവും
രാധാകൃഷ്ണൻ ഇളയിടത്ത് 154-180

നാമസൂചിക 181-183
സാങ്കേതികപദസൂചി 184-191

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
സോഷ്യോളജി ഗവേഷണ ജേണൽ
സമീക്ഷ
വാല്യം 5
2021 - 2022

# സംസ്കാരപഠനത്തിന്റെ മലയാളവഴികൾ: സ്റ്റുവർട്ട് ഹാളിന്റെ ചിന്താപദ്ധതികളും സ്കറിയാ സക്കറിയയുടെ വിചാരലോകവും

■ രാധാകൃഷ്ണൻ ഇളയിടത്ത് *

സംഗ്രഹം

മലയാളപഠനത്തെയും സംസ്കാരപഠനത്തെയും അർത്ഥപൂർണമായി കണ്ണിച്ചേർത്ത വൈജ്ഞാനികസന്ദർഭമാണ് സ്കറിയാ സക്കറിയയുടേത്. സ്റ്റുവർട്ട് ഹാളിന്റെ സംസ്കാരപഠനങ്ങളെ വൈജ്ഞാനികപദ്ധതിയായി പരിഗണിച്ചുകൊണ്ട് അതിൽ പ്രവർത്തിച്ച വിചാരമാതൃകകളെയും സങ്കല്പനങ്ങളെയും രീതിശാസ്ത്രത്തെയും അദ്ദേഹം മലയാളപഠനത്തിന്റെ പുതുക്കലിനായി ഉപയോഗപ്പെടുത്തുന്നു. മലയാളഗവേഷണത്തിലെയും സാഹിത്യഗവേഷണത്തിലെയും വിചാരമാതൃകാവ്യതിയാനം സൃഷ്ടിക്കുന്നതിന് സംസ്കാരപഠനമാതൃകകൾ അദ്ദേഹത്തിന് സഹായകമാവുന്നു. സ്കറിയാ സക്കറിയയിലെ സംസ്കാരപഠനസംബന്ധിയായ ബൗദ്ധിക അടിത്തറകളെയും അതുവഴിയുള്ള സാമൂഹികവിശദീകരണങ്ങളെയും വൈരുദ്ധ്യാത്മകമായും വിമർശനാത്മകമായും പരിഗണിക്കുകയാണ് ഈ പ്രബന്ധം. സംസ്കാരപഠനം സാഹിത്യ ഗവേഷണത്തിൽ സാധ്യമാക്കിയ അറിവിന്റെ മണ്ഡലത്തെ പ്രബന്ധം പ്രശ്നവത്കരിക്കുന്നു. സാമൂഹികവും രാഷ്ട്രീയവുമായ ബൗദ്ധികപരിസരവുമായി ചേർത്തുവെച്ചുകൊണ്ടുള്ള ഈ അന്വേഷണം സംസ്കാരപഠനം മലയാളത്തിൽ അനുഷ്ഠിച്ച പങ്കിനെ വിമർശനാത്മകമായി വിലയിരുത്തുവാൻ സഹായകമാകും.

## ആമുഖം

മലയാളഗവേഷണമണ്ഡലത്തെ ബഹുവിധം സമ്പുഷ്ടിപ്പിച്ച വൈജ്ഞാനികസന്ദർഭമാണ് സ്കറിയാ സക്കറിയയുടേത്. മലയാളഗവേഷണചരിത്രത്തിലെ അർത്ഥപൂർണമായ വഴി. വിമർശനാത്മകമായി സംവദിച്ചുകൊണ്ട് മലയാളഗവേഷണത്തിന് മുന്നേറാനുള്ള വഴി കൂടിയാണത്. സംസ്കാരപഠനം അദ്ദേഹത്തിന്റെ ഗവേഷണപരിശ്രമങ്ങളോട് അഭേദ്യമായി ബന്ധപ്പെടുന്നു. പാഠപാരായണം, ആഖ്യാനപഠനം, കോളനിയനന്തരപഠനം എന്നിവയിലൂടെ

* അസോസിയേറ്റ് പ്രൊഫസർ, സാഹിത്യപഠനസ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ. [illegible]@temu.ac.in, Mob. [illegible]



സഞ്ചരിച്ചും പിൽക്കാലത്ത് ഇവയ്ക്കൊപ്പം ഒന്നുചേർന്നും ബലപ്പെട്ടു വന്നതാണ് സ്കറിയാ സക്കറിയയിലെ സംസ്കാരപഠനവിവേകം. വ്യാകരണം, ഭാഷാശാസ്ത്രം, മിഷണറിസാഹിത്യം, ബൈബിൾവിജ്ഞാനീയം, നാടോടി വിജ്ഞാനീയം, പ്രാദേശികചരിത്രപഠനം, താരതമ്യസാഹിത്യം, വിവർത്തനപഠനം, സാഹിത്യചരിത്രവിജ്ഞാനീയം എന്നിങ്ങനെ സ്കറിയാ സക്കറിയ വ്യാപരിച്ച മേഖലകളിലേക്ക് ഈ സാംസ്കാരികാഭിമുഖ്യം ചെന്നെത്തുന്നു.

സ്കറിയാ സക്കറിയയെ കുറിച്ചുള്ള പൂർവപഠനങ്ങൾ ഈ സാംസ്കാരികാഭിമുഖ്യത്തെയും ചരിത്രാഭിമുഖ്യത്തെയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'മലയാളവഴികൾ' എന്നപേരിൽ സ്കറിയാ സക്കറിയയുടെ പഠനങ്ങൾ രണ്ടു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചപ്പോൾ അതിലെ വ്യത്യസ്ത ഭാഗങ്ങൾക്കായി എഴുതപ്പെട്ട ആമുഖപഠനങ്ങൾ ഇതിന് ഉദാഹരണമാണ്. സ്കറിയാ സക്കറിയയുടെ ഗദ്യപഠനങ്ങളെ പരിചയപ്പെടുത്തി, ഗദ്യരൂപപ്പെടുന്ന ആധുനികചരിത്രസങ്കീർണതകളെ വിവരിച്ച്, ഗദ്യവികാസത്തിൽ സ്കറിയാ സക്കറിയയുടെ അന്വേഷണസവിശേഷതകളെ ചൂണ്ടിക്കാണിക്കുന്ന അൻവർ അലിയുടെ പഠനവും (2020) അദ്ദേഹത്തിന്റെ ചരിത്രസമീപനങ്ങളിൽതന്നെ ഊന്നുന്നു. സങ്കല്പനപഠനം, പ്രക്രിയാപഠനം, വ്യവഹാരികവിശകലനം എന്നിങ്ങനെ സംസ്കാരപഠനത്തിന്റെയും ചരിത്രാഭിമുഖ്യത്തിന്റെയും ഭാഗമായി സ്കറിയാ സക്കറിയയിൽ വികസിക്കുന്ന അപഗ്രഥനരീതികളെ അൻവർ അലി ചൂണ്ടിക്കാണിക്കുന്നു.

സ്കറിയാ സക്കറിയ നടത്തിയ സാഹിത്യഗവേഷണങ്ങളെ ആധാരമാക്കി അദ്ദേഹത്തിന്റെ വൈജ്ഞാനികമണ്ഡലത്തെ പരിചയപ്പെടുത്താനും ക്രോഡീകരിക്കാനുമാണ് ഈ പ്രബന്ധത്തിന്റെ പ്രാഥമിക ശ്രമം. അക്കാദമികവും അക്കാദമികേതരവുമായ വഴികൾ അദ്ദേഹത്തിന്റെ സാഹിത്യഗവേഷണങ്ങളിൽ കാണാം. ഗവേഷണപദ്ധതി എന്നനിലയിൽ സംസ്കാരപഠനത്തെ സ്കറിയാ സക്കറിയ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്ന ആലോചന ഇവിടെ നടത്തുന്നു. സംസ്കാരപഠനം സ്കറിയാ സക്കറിയയുടെ സാഹിത്യഗവേഷണങ്ങളിൽ ഉണ്ടാക്കിയ തുറവികളെ വിമർശനാത്മകമായി വിലയിരുത്താനാണ് ശ്രമം. 'മലയാളവഴികൾ' രണ്ടു വാല്യങ്ങളിൽനിന്ന് തെരഞ്ഞെടുത്ത പ്രബന്ധങ്ങളാണ് ഈ അന്വേഷണത്തിന് ആധാരം. സംസ്കാരപഠനം സംബന്ധിച്ച സ്കറിയാ സക്കറിയയുടെ സങ്കല്പനങ്ങൾ എന്ത്? സ്കറിയാ സക്കറിയയുടെ ഗവേഷണപദ്ധതിയോട് സംസ്കാരപഠനം ചേർന്നുനിൽക്കുന്നതെങ്ങനെ? സംസ്കാരപഠനം മുൻനിർത്തി സ്കറിയാ സക്കറിയ നടത്തുന്ന സാഹിത്യപുനർവിഭാവനത്തിന്റെയും അറിവുൽപ്പാദനത്തിന്റെയും സ്വഭാവം എന്ത്? എന്നിവയെല്ലാം പ്രബന്ധം പരിശോധിക്കുന്നു. ഗവേഷണപദ്ധതി എന്നനിലയിലുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ വൈരുദ്ധ്യങ്ങളെ പരിഗണിക്കുമ്പോൾ മലയാളഗവേഷണത്തിലെയും സംസ്കാരപഠനത്തിലെയും വൈരുദ്ധ്യാത്മക സന്ദർഭമായി സ്കറിയാ സക്കറിയയുടെ അന്വേഷണങ്ങളെ പരിഗണിക്കുന്നതാവും ഉചിതം. വൈരുദ്ധ്യങ്ങളെ ചൂണ്ടിക്കാണിക്കാനായി സ്റ്റുവർട്ട് ഹാളിനെയും കോളനീകരണം എന്ന സാമൂഹിക അനുഭവത്തെയും പ്രത്യേകം

പരിശോധിച്ചിട്ടുണ്ട്. ബൗദ്ധികജീവിതസങ്കല്പങ്ങളോടും മലയാളസാഹിത്യഗവേഷണചരിത്രത്തോടും ഈ വൈരുദ്ധ്യങ്ങളെ ചേർത്തു വെച്ച് പരിശോധിക്കാവുന്നതാണ്. സാഹിത്യഗവേഷണത്തെയും സംസ്കാരപഠനത്തെയും സാമൂഹികമായ ഉൽക്കണ്ഠകളിലേക്ക് കാര്യക്ഷമമായി തുറന്നുവെയ്ക്കാനുള്ള വഴി കൂടിയാണത്.

## സംസ്കാരപഠനം എന്ന രാഷ്ട്രീയപദ്ധതി

ഏകരൂപമായ രീതിയിലായിരുന്നില്ല സംസ്കാരപഠനം മലയാളത്തിൽ അരങ്ങേറിയത്. ആധുനികമായ നിരവധി വിജ്ഞാനപദ്ധതികളിലേക്കും പഠനമേഖലകളിലേക്കും അവയുടെ പ്രശ്നവൽക്കരണങ്ങളിലേക്കും സംസ്കാരപഠനം വികസിച്ചു. സാഹിത്യചരിത്രവിജ്ഞാനീയം പോലെ സാഹിത്യപഠനത്തിൽ അടിസ്ഥാനപരമായ പ്രവണതാവ്യത്യാസങ്ങൾക്ക് സംസ്കാരപഠനം കാരണമായി. മാർക്സിസം, മൂന്നാംലോക പരിസരങ്ങൾ, സ്ത്രീ-കീഴാള അനുഭവങ്ങൾ എന്നിങ്ങനെ ഭിന്നനിലപാടുകളോട് അത് ചേർന്നുനിന്നു. ദാർശനികമാനങ്ങളിലും രീതിശാസ്ത്രപരമായ പുനർവിഭാവനയായും' സംസ്കാരപഠനം മലയാളത്തിൽ വിശദീകരിക്കപ്പെട്ടു.

അക്കാദമികപഠനപദ്ധതിയായി സംസ്കാരപഠനത്തെ മലയാളത്തിൽ അവതരിപ്പിച്ചതിൽ മുഖ്യപങ്ക് വഹിച്ച ആളാണ് സ്കറിയാ സക്കറിയ. 1997-ൽ കാലടി സംസ്കൃതസർവകലാശാലയിൽ സംസ്കാരപഠനത്തിന്റെ ആദ്യ സ്കൂൾ ആരംഭിച്ചു. സ്കറിയാ സക്കറിയ ആയിരുന്നു ആറ് വർഷം അതിന്റെ ഡയറക്ടർ. ചിത്രകല, കഥകളി, മേളങ്ങൾ, സിനിമ, സിദ്ധാന്തങ്ങൾ മുതലായ മേഖലകളിൽ ലഘുകോഴ്സുകളും സിമ്പോസിയങ്ങളും നടത്താൻ തുടക്കത്തിൽ സ്കൂൾ ശ്രമിച്ചു. മുതിർന്ന അധ്യാപകരിൽ നിന്നുള്ള എതിർപ്പും പരമ്പരാഗത അധ്യാപനശൈലിയിൽനിന്നുള്ള വ്യത്യാസവും സ്കൂൾ അടച്ചുപൂട്ടുന്നതിനുള്ള കാരണമായതായി സ്കറിയാ സക്കറിയ ചൂണ്ടിക്കാണിക്കുന്നു. ബർമിംഗ്ഹാം സർവകലാശാലയിലെ സംസ്കാരപഠനകേന്ദ്രം അടച്ചുപൂട്ടി സോഷ്യോളജി വകുപ്പിൽ ലയിച്ചത് ഇത് ഓർമിപ്പിക്കുന്നു. ഇങ്ങനെയെങ്കിലും കേരളത്തിന്റെ സന്ദർഭത്തിൽ ബിരുദാനന്തരബിരുദം മുതൽ ഗവേഷണംവരെയുള്ള പാഠ്യപദ്ധതികളിൽ സംസ്കാരപഠനം വിഷയമായിത്തീർന്നു. സ്കറിയാ സക്കറിയയുടെ മാർഗദർശനത്തിൽ വന്ന ഗവേഷണപ്രബന്ധങ്ങളിൽ വൈവിധ്യപൂർണമായ രീതിയിൽ സംസ്കാരപഠനസമീപനം നിലനിന്നു. രണ്ടുപതിറ്റാണ്ടുകളായി സംസ്കാരപഠനം മലയാളത്തിന്റെ അക്കാദമിക മേഖലയിൽ വലിയ സാന്നിധ്യമായി നിലനിൽക്കുന്നു.

സംസ്കാരപഠനത്തെയും അതിന്റെ രീതിശാസ്ത്രത്തെയും സംബന്ധിച്ച് സ്കറിയാ സക്കറിയയുടെ അഭിപ്രായങ്ങൾ പരിശോധിക്കാം. സംസ്കാരപഠനം പൈതൃകപഠനത്തിൽനിന്ന് ഭിന്നമാവുന്നത് അതിന്റെ രാഷ്ട്രീയാഭിമുഖ്യത്താലാണ്. സംസ്കാരപഠനം വർത്തമാനകാലത്തെ അഭിസംബോധന ചെയ്യുന്നു. സാംസ്കാരികവിശകലനത്തിൽ വസ്തുനിഷ്ഠമോ നിഷ്പക്ഷമോ ആയ നിലപാടുകളില്ല. ഉദാരമാനവികതാവാദത്തിന്റെ



അഭിരുചികൾവിട്ട് വിമർശനാത്മക സിദ്ധാന്തത്തിന്റെ തലത്തിലേക്ക് സംസ്കാരപഠനം ഉയരുന്നു. സംസ്കാരപഠനം കേവലം വൈജ്ഞാനിക പരിശ്രമം മാത്രമല്ല; കീഴാളത്തത്തെയും പ്രാന്തവൽക്കരണത്തെയും മർദ്ദനത്തെയും ചെറുക്കാനുള്ള ഉദ്യമം കൂടിയാണ്. വർണ-വർഗ-വംശ-ലിംഗ നിർണയനങ്ങളിലൂടെ എങ്ങനെ അറിവു രൂപപ്പെടുന്നു എന്ന വിമർശനാത്മക ചിന്തയാണ് സംസ്കാരപഠനം. വിഷയപരവും രീതിശാസ്ത്രപരവുമായ അടുക്കംകൊണ്ട് സംസ്കാരപഠനത്തെ വേർതിരിക്കാനും വിശകലനം ചെയ്യാനും കഴിയണം.

വ്യവഹാരത്തെ അനുദിനജീവിതമായും വ്യാവഹാരികാപഗ്രഥനത്തെ സംസ്കാരപഠന രീതിശാസ്ത്രമായും സ്കറിയാ സക്കറിയ അവതരിപ്പിക്കുന്നു. അനുദിനജീവിതം സ്വനവും സങ്കീർണവും ചടുലവുമായ ജീവിതവലയമാണ്. "പാഠത്തിന്റെ ചെരുവയിൽ ശ്രദ്ധിച്ചാൽ പാഠവിമർശനമാകും. ഉപപാഠയുക്തിയിൽ ശ്രദ്ധിച്ചാൽ വ്യവഹാരപഠനമാകും. അങ്ങനെ പലമട്ടിൽ ഊർജസ്വലമാകുന്ന വിജ്ഞാനസംരംഭത്തെ സംസ്കാരപഠനമെന്ന് വിളിക്കാൻ നല്ല യുക്തിയുണ്ട്."(2018:380) സംസ്കാരപഠനത്തിൽ അർത്ഥവും പ്രയോഗവും വിട്ട് ചിഹ്നതലത്തിലേക്ക് സാങ്കേതികസംജ്ഞകൾ ചെന്നെത്തുന്നു. ബഹുവിജ്ഞാനീയമായ അന്വേഷണങ്ങളിൽ ധാരാളം പുതിയ പദങ്ങളും സങ്കല്പനങ്ങളും ആവശ്യമാണ്. ഇവയെല്ലാം ഉൾക്കൊള്ളുന്ന സങ്കീർണത സംസ്കാരഗവേഷണത്തിന്റെ സ്വഭാവമാണ്. ഇതിനായി ഉപപാഠത്തിൽ പ്രവർത്തിക്കുന്ന തന്ത്രങ്ങളും അറിവിന്റെ വംശാവലിതന്നെയും മനസ്സിലാക്കേണ്ടതുണ്ട് എന്ന് സ്കറിയാ സക്കറിയ കൂട്ടിച്ചേർക്കുന്നു. ഈ നിരീക്ഷണങ്ങളിൽ താഴെ പറയുന്ന ഊന്നലുകൾ സംസ്കാരപഠനത്തിന് ലഭിക്കുന്നു.

ഒന്ന്: വ്യാവഹാരിക അപഗ്രഥനം

രണ്ട്: ആധുനികതാവിമർശം

മൂന്ന്: രാഷ്ട്രീയാഭിമുഖ്യമുള്ള വിമർശനാത്മക വിജ്ഞാനപദ്ധതി

സംസ്കാരപഠനത്തിന്റെ ചരിത്രത്തിലും മലയാളസന്ദർഭത്തിലും ഏറെ പ്രാധാന്യമുണ്ട് സ്കറിയാ സക്കറിയയുടെ ഈ ഊന്നലുകൾക്ക്.

## മലയാളവും ഗവേഷണവും

മേൽസൂചിപ്പിച്ച സംസ്കാരപഠനപ്രശ്നങ്ങൾ സ്കറിയാ സക്കറിയയുടെ ഗവേഷണപദ്ധതിയോട് അർത്ഥപൂർണമായി ബന്ധപ്പെടുന്നു. എന്നാൽ അവ പുതിയ വൈരുദ്ധ്യങ്ങൾ തുറന്നിടുകയും ചെയ്യുന്നു.

മലയാളം എന്ന സങ്കല്പനത്തിന്റെ ചരിത്രവഴികളിലൂടെ കൗതുകകരമായി സ്കറിയാ സക്കറിയ സഞ്ചരിക്കുന്നു." മലയാളം എന്ന പദം സംസ്കാരസൂചിയാകേണ്ടതുണ്ട് എന്ന് അദ്ദേഹം കരുതുന്നു. സങ്കല്പനതലത്തിൽ പുതുമകൾ ഉൾക്കൊണ്ട് ഭാഷയെ വൈജ്ഞാനികവും നൂതനവുമാക്കി അദ്ദേഹം പൈതൃകമലയാളത്തെ വിഭാവനം ചെയ്യുന്നു. അതാണ് ഭാവിമലയാളം എന്ന് ഉറപ്പിക്കുന്നു.

പലതരം വൈവിധ്യങ്ങൾ വളർത്തി മലയാളഗവേഷണത്തെ സ്കറിയാ സക്കറിയ വിപുലീകരിച്ചു. രീതിശാസ്ത്രപരമായ പുതുധാരണകളാൽ പരിഷ്കരിച്ചു. മലയാളഗവേഷണത്തിനുള്ള നിർണായക ഉപാദാനങ്ങളായി സാഹിത്യത്തെ ഉപയോഗിച്ചു. മലയാളത്തിന്റെ സാഹിത്യവ്യവസ്ഥയിൽ കൃതികളും പ്രസ്ഥാനങ്ങളുമെല്ലാം എങ്ങനെ പ്രവർത്തിക്കുന്നു എന്ന ആലോചനയാണ് സ്കറിയാ സക്കറിയ നിർവഹിക്കുന്നത്. സാമൂഹികപ്രക്രിയയുമായി ബന്ധപ്പെടുത്തി അദ്ദേഹം സാഹിത്യമണ്ഡലത്തെ വിശദീകരിക്കുന്നു. സാഹിത്യഗവേഷണത്തെ വ്യാവഹാരികപ്രക്രിയയായി സ്കറിയാ സക്കറിയ തിരിച്ചറിയുന്നു. പഴയ സാഹിത്യവ്യവഹാരങ്ങളെ പുതുതായി കാണാൻ വേണ്ട കാഴ്ചപ്പാടുകളും സൈദ്ധാന്തികവീക്ഷണങ്ങളും അദ്ദേഹം നിർമിക്കുന്നു. "ഭാഷ, സാഹിത്യം, സംസ്കാരം, നാട്ടറിവ്, മാധ്യമം എന്നീ വ്യത്യസ്ത മേഖലകളിൽ വേരൂന്നിനിൽക്കുന്നതാണ് മലയാളഗവേഷണം"(2019:38) പരമ്പരാഗത അർത്ഥത്തിൽനിന്നുള്ള വിടുതൽ ഈ നോട്ടത്തിലുണ്ട്. മലയാളഗവേഷണത്തിന് കൈവരുന്ന ആപേക്ഷികമായ അർത്ഥവും വിപുലനവുമാണ് ഇത്. കാലാകാലങ്ങളിലെ വൈജ്ഞാനിക താത്പര്യങ്ങൾ ഉൾക്കൊണ്ട് ഈ നിർവചനവും നോട്ടങ്ങളും ഇനിയും മാറാം.

### വിചാരമാതൃകയും രീതിശാസ്ത്രവും

ഗവേഷണഘട്ടങ്ങൾ, ഘടകങ്ങൾ എന്നിവ സംബന്ധിച്ച അദ്ദേഹത്തിന്റെ ചില നിരീക്ഷണങ്ങൾ മാതൃകയ്ക്ക് ചൂണ്ടിക്കാണിക്കാം.

"ഒരു മേഖലയിൽ അംഗീകൃത സംഭാവനകൾ നൽകി നിലകൊള്ളുന്ന സങ്കല്പനങ്ങളുടെയും ചിന്താശ്രേണികളുടെയും രീതിശാസ്ത്രങ്ങളുടെയും പ്രസ്താവനകളുടെയും വ്യതിരിക്തഗണത്തെ ആ മേഖലയുടെ വിചാരമാതൃക എന്ന് പറയാം."(2019 :61) "ഒരു കാര്യത്തെ വിശദീകരിക്കാൻ പ്രാപ്തമായതും വിശദീകരിക്കേണ്ട വസ്തുതയിൽ നിന്ന് സ്വതന്ത്രമായതും പൊതുതത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുമായ ആശയവ്യവസ്ഥയാണ് സിദ്ധാന്തം."(2019:62) പഠനം ശാസ്ത്രീയവും തത്ത്വനിഷ്ഠവുമാകണമെങ്കിൽ വിചാരമാതൃകയും സങ്കല്പനങ്ങളും സിദ്ധാന്തങ്ങളും വ്യക്തമാകണം.

"സിദ്ധാന്തത്തിന്റെ ഘടനാപരമായ അംശങ്ങൾ പ്രകടമാവുന്നത് രീതിശാസ്ത്രത്തിലാണ്. രീതിശാസ്ത്രം സിദ്ധാന്തവുമായി അത്രമേൽ ബന്ധപ്പെട്ടുനിൽക്കുന്നു. സിദ്ധാന്തമെന്ന ആശയരൂപത്തിന്റെ പ്രായോഗികത ആദ്യമായി വെളിപ്പെടുന്നത് രീതിശാസ്ത്രത്തിലാണെന്ന് പറയാം."(2019:61) "രീതിശാസ്ത്രപരമായ അച്ചടക്കവും സുതാര്യതയുമില്ലാത്ത ഗവേഷണം വളയമില്ലാത്ത ചാട്ടമാണ്."(2019:105) അന്തർവൈജ്ഞാനികം, ബഹുവൈജ്ഞാനികം, ജൈവവിജ്ഞാനീയം, അനുഭവാഖ്യാനപരം എന്നിങ്ങനെയുള്ള രീതികൾ മലയാളഗവേഷണത്തിൽ നിലനിൽക്കുന്നതായി അദ്ദേഹം കരുതുന്നു.



### അറിവുവഴി

ആഗോളവും ദേശീയവും തദ്ദേശീയവുമായി സൂക്ഷ്മത്തിൽനിന്ന് സ്ഥൂലത്തിലേക്ക് മലയാളഗവേഷണം സഞ്ചരിക്കുന്നു. കാഴ്ചപ്പാടുകളും അറിവുശൃംഖലകളും അടിമുടിമാറി നില്ക്കുമ്പോൾ ഉണ്ടാകുന്ന സംഭാഷണ വഴിയാണ് അറിവിന്റേത്. "ഗവേഷണം യഥാർത്ഥത്തിൽ ദത്തങ്ങളിൽനിന്നും വിജ്ഞാനത്തിലേക്കുള്ള വികസനമാണെന്ന് പറയാം. ദത്തങ്ങളിൽനിന്നും വിവരങ്ങളെയും വിവരങ്ങളിൽനിന്ന് അറിവിനെയും അറിവിൽനിന്ന് സിദ്ധാന്തീകരണം വഴി വിജ്ഞാനത്തെയും ധാരണകളെയും നിർമിച്ചെടുക്കുകയാണ് ഗവേഷണം."(2019:63) "സംശയിക്കുക, ചർച്ച ചെയ്യുക, പുതുക്കുക ഇതാണ് വിജ്ഞാനമാർഗം."(2019 :87) പഠനങ്ങളെ ബന്ധപ്പെടുത്താനുള്ള വഴിയായി പ്രശ്നവത്കരണത്തെ കാണാം. അപരിചിതമായതിനെ പരിചിതമാക്കുകയും പരിചിതമായതിനെ അപരിചിതമാക്കുകയും ചെയ്യുന്ന ഇരട്ടധർമ്മം അത് നിർവഹിക്കുന്നു.

ഗവേഷണാത്മക ചിന്തയുടെയും അനുഭവത്തിന്റെയും വായ്ത്തലയാണ്. മാതൃകാബന്ധമാണ് യാഥാർത്ഥ്യവും അറിവും. "ഒരേ കാര്യം, ഒരേ വസ്തുത വ്യത്യസ്ത ആശയാവലികളിൽ വ്യത്യസ്ത അറിവുകളാണ് ഉത്പാദിപ്പിക്കുന്നത്. എല്ലാ അറിവുരൂപങ്ങൾക്കുമുണ്ട് ഇത്തരം ബഹുമുഖത്വം അഥവാ ആപേക്ഷികത."(2019 :83) സാമൂഹികപദാവലികളെ നിർമിച്ച് സാധൂകരിക്കുന്ന പ്രക്രിയയെ അറിവിന്റെ രാഷ്ട്രീയമായി കരുതാം. അറിവിന്റെ ആപേക്ഷികതയെക്കുറിച്ചുള്ള ബോധ്യം അന്തർവൈജ്ഞാനിക ഗവേഷണത്തിന് കൂടുതൽ കരുത്തുപകരുമെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഗവേഷണമണ്ഡലത്തെ വിപുലപ്പെടുത്തി, ഗവേഷണഘടകങ്ങളെയും പരസ്പരബന്ധങ്ങളെയും വിശദീകരിച്ചു. അറിവിന്റെ വ്യാവഹാരികതയെയും ആപേക്ഷികതയെയും ആവർത്തിച്ചുറപ്പിച്ച് ഈ ഗവേഷണ വിചാരങ്ങൾ മുന്നേറുന്നു. ഗവേഷണവ്യവഹാരത്തെ അത് സാംസ്കാരികമായി തിരിച്ചറിയുന്നു.

### സംവേദനം എന്ന സാമൂഹികപ്രക്രിയ

മുൻകാലചർച്ചകളിൽനിന്ന് ഭിന്നമായി ഗവേഷണസംവേദനം സ്കറിയാ സക്കറിയയുടെ ആലോചനകളിൽ പ്രധാനമാകുന്നു. ഗവേഷണത്തെ സാമൂഹികപ്രക്രിയയാക്കി മാറ്റുന്നത് സംവേദനമാണ്. പങ്കാളിത്തപരമാണ് സംവേദനം. ഗവേഷണഫലം അതുവഴി അവിദഗ്ദ്ധർക്കും ലഭിക്കുന്നു.

സാഹിതീയത, നാടകീയത, പാഠാന്തരത എന്നിവയെയെല്ലാം സംവേദനതന്ത്രമായി സ്കറിയാ സക്കറിയ പരിഗണിക്കുന്നു. "ഭാഷാസംവേദനത്തിൽ ഒരിനം മാത്രമാണ് സാഹിത്യസംവേദനം. സാഹിത്യസംവേദനം പ്രകരണബലംകൊണ്ട് മറ്റ് സംവേദനശൃംഖലകളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഭാഷ- സാഹിത്യപഠനത്തിന്റെ ഇന്നത്തെ ഏറ്റവും കൗതുകകരമായ മുഖം സംവേദനതന്ത്രങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ്"

(2016:108). സംവേദനപഠനം ജനപ്രിയസാഹിത്യത്തിന് തൃപ്തികരമായ വിശദീകരണങ്ങൾ നൽകി അതിനെ സാഹിത്യവിജ്ഞാനത്തിന്റെ ഭാഗമാക്കുന്നു. സംവേദനം നാട്ടറിവിനെ പ്രകടനമായി ഗണിച്ച് അതിലൂടെ വെളിവാകുന്ന കർതൃത്വം വിവരിക്കുന്നു. സംവേദനപഠനം ആധാരമാക്കി നാട്ടറിവിന്റെ സാധ്യതകൾ വിവരിക്കാൻ സാഹിത്യഗവേഷണങ്ങൾക്ക് കഴിയണം.

സ്റ്റുവർട്ട് ഹാളിന്റെ സങ്കല്പനങ്ങളാണ് ഈ സംവേദനവിചാരത്തിന്റെ ആധാരം. സംവേദനത്തെ സർഗാത്മക സാമൂഹികപ്രക്രിയയാക്കി മാറ്റുകയായിരുന്നു ഹാൾ. ഉത്പാദനം, വിതരണം, ഉപഭോഗം, പുനരുത്പാദനം ഇവയുടെ ശൃംഖലയായി ഹാൾ സംവേദനത്തെ കാണുന്നു. ഹാളിന്റെ മോഡലുകളുടെ ഇണക്കലും പിരിക്കലും (encoding and decoding) സംസ്കാരപഠനത്തിന്റെ പ്രധാന രീതിശാസ്ത്രങ്ങളിലൊന്നാണ്. ഇണക്കലിലും പിരിക്കലിലും പ്രവർത്തിക്കുന്ന അഭിരുചിയെ മുൻനിർത്തി അതിന്റെ രാഷ്ട്രീയത്തെ വിശകലനം ചെയ്യാം എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

## സ്റ്റുവർട്ട് ഹാളിന്റെ ദർശനങ്ങൾ

സംസ്കാരപഠനം വികാസം ചെയ്യുന്ന വിശകലനപര്യാപ്തിയും രാഷ്ട്രീയപ്രസക്തിയും സ്കറിയാ സക്കറിയയുടെ പ്രയോഗങ്ങളിൽനിന്ന് ചിലപ്പോഴെങ്കിലും ചോർന്നുപോകുന്നു. ഉദാഹരണത്തിന് ഹാളിന്റെ വൈജ്ഞാനിക പശ്ചാത്തലങ്ങളെ പരിശോധിക്കാം. ഹാളിന്റെ സങ്കല്പനങ്ങളെ അവയുടെ ചരിത്ര-രാഷ്ട്രീയമാനങ്ങൾ പരിഗണിച്ചുകൊണ്ടല്ല സ്കറിയാ സക്കറിയ ഉപയോഗപ്പെടുത്തുന്നത്.

സംസ്കാരപഠനത്തെ രാഷ്ട്രീയോന്മുഖമായ വൈജ്ഞാനികപദ്ധതിയും പ്രയോഗവുമായാണ് ഹാൾ വികാസം ചെയ്തത്. ഹാളിന്റെ അന്വേഷണങ്ങൾ സംസ്കാരപഠനത്തിന്റെ ചരിത്രത്തെ വിമർശനാത്മകമായി സമീപിച്ച് അതിലെ സൈദ്ധാന്തിക ധാരണകളെ സംശയിക്കുന്നു. ക്ലാസിക്കൽ മാർക്സിസ്റ്റ് ധാരണകളെയും പിൽക്കാലത്ത് സംസ്കാരപഠനത്തിലേക്ക് കടന്നുവന്ന ഘടനാവാദാനന്തരചിന്തയെയും വിമർശനാത്മകമായി ഹാൾ സമീപിക്കുന്നു. ഗ്രാംഷിയിൽനിന്നും അൽത്തൂസറിൽനിന്നും വികാസപാഠങ്ങളെ കണ്ടെടുത്ത് സംസ്കാരപഠനത്തെ സമകാലിക രാഷ്ട്രീയവിജ്ഞാനമായി പരിവർത്തിപ്പിക്കുന്നു. സംസ്കാരവൈവിധ്യങ്ങളെ കണ്ടെടുത്തും പ്രത്യയശാസ്ത്രധാരണകളെ പുതുക്കിയും, സംസ്കാരസംഘർഷത്തെയും പ്രതിരോധത്തെയും വിപുലമായ മാനങ്ങളിൽ സ്റ്റുവർട്ട് ഹാൾ വിശദീകരിക്കുന്നു.

1970-കളാവുമ്പോഴേക്ക്, സംസ്കാരത്തെ അധികാരവും അധീശത്വവുമായി ബന്ധപ്പെടുത്തുന്ന സൂക്ഷ്മാന്വേഷണമായി സംസ്കാരപഠനം മാറുന്നുണ്ട്. സംസ്കാരത്തെ രാഷ്ട്രീയസ്വഭാവമുള്ള ആവിഷ്കാര രൂപമായി ഹാൾ പരിഗണിക്കുന്നു. സംസ്കാരത്തിൽ പ്രവർത്തിക്കുന്ന ബുദ്ധിശാസ്ത്രപരവും



വംശീയവുമായ താത്പര്യങ്ങൾ, സംസ്കാരത്തിന്റെ സങ്കരത്വം, സംസ്കാരത്തിന്റെ പുനരുത്പാദനം, സംസ്കാരമണ്ഡലത്തിലെ ചെറുത്തുനില്പുകൾ ഇവയെല്ലാം അതിനെ രാഷ്ട്രീയോപാധിയാക്കി മാറ്റുന്നു. സംസ്കാരത്തിന്റെ മണ്ഡലം ഹാളിന്റെ കാഴ്ചയിൽ സമ്മതത്തിന്റെയും പ്രതിരോധത്തിന്റെയും മണ്ഡലമാണ്. സാംസ്കാരരൂപങ്ങൾ പുതിയ കർതൃത്വങ്ങൾ നിർമിക്കുന്നു. സംസ്കാരം നിഗൂഢസന്ദേശമായും ആചരിക്കേണ്ട പ്രയോഗങ്ങളായും വ്യവഹാരമാതൃകകളായും വിനിമയം ചെയ്യപ്പെടുന്നു. ജനകീയസ്ഥാപനങ്ങളും മാധ്യമങ്ങളും ഇതിൽ മുഖ്യപങ്കുവഹിക്കുന്നു. ഹാളിന്റെ കാഴ്ചയിൽ മാധ്യമപരിപാടികൾ അതിന്റെ ഘടന കണ്ടെത്തുന്നത് ഈ അധീശതാത്പര്യങ്ങളിലാണ്.

വിപുലമായ അധീശപ്രക്രിയയെ തിരിച്ചറിയാനുള്ള ഉപാധിയാണ് ഹാളിന് സംസ്കാരശൃംഖലകൾ തമ്മിലുള്ള ഇണക്കലും പിരിക്കലും. നിലവിലുള്ള വായനകളെ ന്യായീകരിക്കൽ, തള്ളിക്കളയൽ, അനുരൂപമായുള്ള കൊടുക്കൽ വാങ്ങലുകൾ എന്നിങ്ങനെ മൂന്ന് തലങ്ങൾ ഇണക്കലിനും പിരിക്കലിനുമുണ്ട്. വായനയുടെ സ്വഭാവത്തെ മുൻനിർത്തി അധീശപ്രക്രിയയെ ഇണക്കലും പിരിക്കലും വിവരിക്കുന്നു. 1980 കളിൽ രൂപംകൊണ്ട വലതുപക്ഷതാത്പര്യങ്ങളുടെ പശ്ചാത്തലത്തിൽ ഒന്നാംലോകം കോളനിയനന്തര സാമൂഹികക്രമങ്ങളിലേക്ക് പരിണമിക്കുകയായിരുന്നു. ഇത്തരം പശ്ചാത്തലത്തിലാണ് ഹാളിന്റെ 'നവീകരണത്തിലേക്കുള്ള കഠിനമായ പാത' (The hard road to renewal) എന്ന പ്രബന്ധം എഴുതപ്പെടുന്നത്. സംസ്കാരസംഘർഷത്തെ സങ്കുചിത അർത്ഥങ്ങളിൽനിന്ന് ഹാൾ മോചിപ്പിക്കുന്നു.

സംസ്കാരമണ്ഡലത്തെ വ്യാവഹാരികമായി വിശദീകരിക്കുന്നതിൽ വർഗബന്ധങ്ങൾക്കൊപ്പം മറ്റു ഘടകങ്ങളെയും ഹാൾ പരിശോധിക്കുന്നു. പ്രത്യയശാസ്ത്രതാത്പര്യങ്ങൾ ഒരു ഘടകത്തിൽ മാത്രം നിലകൊള്ളുന്നതല്ല. സാമ്പ്രദായിക മാർക്സിസ്റ്റ് ധാരണ വർഗവൈരുദ്ധ്യത്തെ പ്രധാനമായി കാണുകയും മറ്റുള്ളവ ഇതിനകത്തുവെച്ച് പരിഹരിക്കുകയും ചെയ്യുന്നു. സംസ്കാരസംഘർഷം വർഗത്തിനുപുറത്ത് നിരവധി മേഖലകളിൽ കൂടി രൂപപ്പെട്ടുവരുന്നതാണ്. ഓരോ സംഘർഷങ്ങളും ഓരോ ഫലങ്ങളാണ് ഉത്പാദിപ്പിക്കുന്നത്.

അടിസ്ഥാനവർഗം- മധ്യവർഗം, ഇടത്-വലത് തുടങ്ങിയവയുടെ വിജ്ഞാനയുക്തികളും ആവിഷ്കാരസാധ്യതകളും ഹാൾ വിമർശനാത്മകമായി മനസ്സിലാക്കുന്നു. വർഗത്തെതന്നെ പലതായി മനസ്സിലാക്കേണ്ടതുണ്ട്. വർഗം അതിന്റെ ചരിത്രത്തിൽ ഉപസംസ്കാരങ്ങളുമായി ബന്ധപ്പെട്ട രീതിയും പ്രധാനമാണ്. പ്രത്യയശാസ്ത്രനിർമിതിയിൽ പങ്കുചേരുന്ന ഓരോ സംവർഗം തന്നെയും അതിനകത്ത് പലതാണ്. കറുപ്പ് എന്ന സംവർഗം ഉദാഹരണമാണ്. വ്യത്യസ്ത സംവർഗങ്ങളെയും അവയുടെ സൂക്ഷ്മാംശങ്ങളെയും സംഘർഷങ്ങളെയും ചേർത്തുപിടിച്ച് മനസ്സിലാക്കേണ്ടതുണ്ട്. സംസ്കാരപഠനം ഇതിന് സഹായകമായ വിജ്ഞാനപദ്ധതിയാണ്. സംസ്കാരമെന്നതിന്റെ അതിനിർണയങ്ങളെയും ആവിഷ്കാരങ്ങളെയും മനസ്സിലാക്കാൻ ആ രാഷ്ട്രീയസാഹചര്യത്തെ തന്നെ മനസ്സിലാക്കേണ്ടതുണ്ട് എന്ന് ഹാൾ കൂട്ടിച്ചേർക്കുന്നു.

ഇത്തരം സങ്കീർണതകളിലാണ് പ്രതിരോധവും അടിച്ചമർത്തലും വ്യക്തിസ്വത്വവും സാമൂഹികരൂപീകരണവും നടക്കുന്നത്. സംസ്കാരമണ്ഡലത്തിൽ നിരന്തരം ഇടപെടുകയും പുതിയ സാധ്യതകൾ തുറക്കുകയും ചെയ്യുന്ന പ്രക്രിയയായി പ്രതിരോധത്തെ ഹാൾ കാണുന്നു. സാംസ്കാരികപ്രതിരോധം എന്ന ആശയവും ബഹുതലം നിറഞ്ഞതാണ്. ഓരോ അതിജീവനസന്ദർഭവും ഒത്തുതീർപ്പിന്റെ സന്ദർഭം കൂടിയാണ്. വർഗരാഷ്ട്രീയത്തിന്റെ ചരിത്രത്തിനു പോലും ഈ പശ്ചാത്തലം ഉണ്ട്. ഒത്തുതീർപ്പുകളുടെയും അതിജീവനങ്ങളുടെയും പശ്ചാത്തലത്തിൽ സാംസ്കാരികരൂപങ്ങളും പ്രയോഗങ്ങളും വൈരുധ്യാത്മകമാവുന്നു. കലർപ്പുള്ള സംസ്കാരങ്ങളുടെ അതിജീവനവും അതുവഴി രൂപപ്പെടുന്ന സമൂഹത്തിന്റെ സ്വഭാവവും എന്താണ്? അവയെ വിശദീകരിക്കേണ്ടതും അവയുടെ താത്പര്യങ്ങൾ മനസിലാക്കേണ്ടതും എങ്ങനെ എന്നതെല്ലാം പ്രധാനമാണ്.

അതിജീവനങ്ങളെയും പ്രതിരോധങ്ങളെയും പ്രക്രിയകളായി മനസ്സിലാക്കേണ്ടതുണ്ട് എന്ന് ഹാൾ കരുതുന്നു. സങ്കീർണമായ വ്യവഹാരത്തിനകത്താണ് അതിജീവനങ്ങളും പരിണാമങ്ങളും നടക്കുന്നത്. റെയ്മണ്ട് വില്യംസിന്റെ സംസ്കാരവർഗീകരണങ്ങൾ (ആധിപത്യപരം, രൂപപ്പെട്ടുവരുന്നത്, അവശിഷ്ടപരം) ഈ സങ്കീർണതയെ വിശദീകരിക്കാൻ പ്രാപ്തമോ എന്ന് ഹാൾ സംശയിക്കുന്നു. സാംസ്കാരികരൂപങ്ങളെ സവിശേഷപദവികളായി മനസ്സിലാക്കുക വയ്യ. ഇവയോരോന്നിന്റെയും ആവിഷ്കാരരീതിയും പരസ്പരബന്ധങ്ങളും പരിഗണിക്കണം. സംസ്കാരരൂപങ്ങൾ നിരന്തരം പുനഃക്രമീകരിക്കപ്പെടുകയും പുനരവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. വളർച്ചയുള്ളത്-വളർച്ചയില്ലാത്തത് എന്ന സംസ്കാരവിഭജനയുക്തിയെയും ഹാൾ സംശയിക്കുന്നു. ഇവയുടെയെല്ലാം ഇടനിലകളെ ഹാൾ പരിഗണിക്കുന്നു. ഹാളിന്റെ അഭിപ്രായത്തിൽ പുതുതായി രൂപപ്പെടുന്ന സംസ്കാരങ്ങൾ വാഗ്ദാനങ്ങളല്ല, സാധ്യതകളാണ് തുറന്നുവെയ്ക്കുന്നത്. അവയുടെ പുരോഗമന-അധോഗമന സ്വഭാവങ്ങൾ സാംസ്കാരികതലത്തിൽനിന്നു കൊണ്ടുമാത്രം വിശദീകരിക്കുക സാധ്യമല്ല. സാംസ്കാരിക സങ്കീർണതകൾ അറിയാനുള്ള പ്രതിരോധങ്ങളെയും ഹാൾ സൂചിപ്പിക്കുന്നു.

ആധുനികതയുടെ ഏകപക്ഷീയയുക്തികളെ വിമർശിച്ചുകൊണ്ടാണ് ഈ സങ്കല്പനങ്ങളെയും സമീപനങ്ങളെയും ഹാൾ അവതരിപ്പിച്ചത്. മുൻകാല അക്കാദമികപഠനങ്ങൾ ഇതിനെയെല്ലാം ഒന്നായി പരിഗണിക്കുകയായിരുന്നു. സംസ്കാരപഠനം ഇതിനെയെല്ലാം സംസ്കാരചരിത്രങ്ങളായി പരിണമിപ്പിക്കുന്നു. നരവംശശാസ്ത്രം, മനോവിജ്ഞാനീയം തുടങ്ങിയ ആധുനികവിജ്ഞാനങ്ങളിൽനിന്ന് സംസ്കാരപഠനം ഭിന്നമാകുന്നത് ഇങ്ങനെയാണ്. സംസ്കാരബഹുത്വങ്ങളെ പാഠരൂപങ്ങളാക്കി അവതരിപ്പിക്കുമ്പോഴുള്ള പ്രതിസന്ധികൾ സംസ്കാരപഠനം ഇന്ന് അഭിമുഖീകരിക്കുന്നു.

ഹാൾ മുന്നോട്ടുവെച്ച ഈ വൈരുധ്യാത്മക സങ്കീർണതകളാണ് മാധ്യമ-ജനപ്രിയയുക്തികളിലുള്ള സംവേദനവിചാരങ്ങളിൽ നഷ്ടമാവുന്നത്. പ്രാന്തവത്കൃതജനതയെ അഭിസംബോധന ചെയ്യാനുള്ള സംസ്കാരപഠനത്തിന്റെ പ്രാപ്തിയെ സാമ്പ്രദായികനോട്ടങ്ങൾ തമസ്കരിക്കുന്നു. സ്കറിയാ



സക്കറിയയുടെ സൈദ്ധാന്തികവിചാരങ്ങൾ ചിലപ്പോഴെങ്കിലും ഈ പരിമിതിയെ ഉൾവഹിക്കുന്നു. മലയാളപഠനവും സംസ്കാരപഠനവും തമ്മിലുള്ള ബന്ധങ്ങൾക്കുണ്ടാകേണ്ട തുടർച്ചകളെയും അവയുടെ രാഷ്ട്രീയോജ്യതയെയും ഇത് ഓർമപ്പെടുത്തുന്നു.

### സങ്കല്പനപരമായ അന്വേഷണങ്ങൾ

സങ്കല്പനപരമാണ് സ്കറിയാ സക്കറിയയുടെ അന്വേഷണങ്ങൾ. വിജ്ഞാനവ്യാപനത്തിന്റെ ഭാഗമായി സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്ക് എത്തിച്ചേരുന്ന വൈജ്ഞാനികസങ്കല്പനങ്ങളെ അദ്ദേഹം താക്കോൽവാക്കുകളായി അവതരിപ്പിക്കുന്നു. പരിണാമക്ഷമതയാണ് താക്കോൽവാക്കുകളുടെ സവിശേഷത. വാക്കും ലോകവും തമ്മിലുള്ള ബന്ധപരിഷ്കരണങ്ങളുടെ ഭാഗമായി താക്കോൽവാക്കുകളെ കാണാം. സംവേദനവിദ്യയിൽ താക്കോൽവാക്കുകൾക്ക് രൂപകങ്ങളോടാണ് അടുപ്പം. ഭാഷയുടെ പതിവുചിട്ടകളും പുതിയ സങ്കല്പനങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ മണ്ഡലമായി താക്കോൽവാക്കുകളെ കാണാം. അറിവും അധികാരവും തമ്മിലുള്ള ബന്ധത്തിലെ ചുരുക്കെഴുത്തുകളാണ് അവ. താക്കോൽവാക്കുകൾ (കീവേർഡ്സ്), പുതിയ താക്കോൽവാക്കുകൾ (ന്യൂ കീവേർഡ്സ്)' എന്നീ കൃതികളിലെ താക്കോൽവാക്കുകളെ താരതമ്യം ചെയ്താൽ ജ്ഞാനമണ്ഡലത്തിലെ ഉദയാസ്തമയങ്ങളും ഇടപെടലുകളും മനസ്സിലാവും. ആഭിധിക അർഥതലത്തെക്കാൾ പ്രയോഗ അർഥമാണ് താക്കോൽവാക്കുകളിൽ പ്രധാനമാവുന്നത്. പങ്കാളിത്തപഠനമായി വികസിക്കുന്ന മേഖലയാണിത്. താക്കോൽവാക്കുകളുടെ മലയാള സന്ദർഭത്തെക്കുറിച്ചും സ്കറിയാ സക്കറിയ ആലോചിക്കുന്നു.

### പാഠപദ്ധതികളും സംവാദങ്ങളും

സാഹിത്യപാഠപദ്ധതികളോടുള്ള വിമർശനം സ്കറിയാ സക്കറിയയിലെ സംസ്കാരപഠനാഭിമുഖ്യത്തിന് കാരണമാവുന്നു. ഉദാരമാനവികതാവാദത്തിന്റെ വിട്ടുമാറാത്ത ശീലങ്ങളാണ് സാഹിത്യപഠനത്തിന്റെ മുഖ്യ പ്രതിബന്ധം. സാഹിത്യപാഠത്തെ സ്വയംപര്യാപ്തമായി കരുതുന്നവരാണ് പല നിരൂപകരും. സാഹിത്യത്തിന്റെ വൈകാരികതയിലും ഉദാത്തതയിലും രൂപഭാവഭംഗിയിലുമാണ് അവരുടെ ശ്രദ്ധ. സാഹിത്യമൂല്യങ്ങൾ സാർവലൗകികമാണ് എന്നവർ കരുതുന്നു. വാമൊഴി-വരമൊഴി ഭേദം അവർ ഗൗനിക്കുന്നില്ല. സാർവലൗകികവും അചഞ്ചലവുമായ മനുഷ്യസ്വഭാവത്തിലാണ് അവരുടെ വിശ്വാസം. ആധുനികതാവാദങ്ങളിലുള്ള ആഖ്യാനശാസ്ത്രവും താരതമ്യസാഹിത്യവും അനുഭവിക്കുന്ന പ്രതിസന്ധിയെ ഇതിനോട് ചേർത്തുവെച്ച് സ്കറിയാ സക്കറിയ പരിശോധിക്കുന്നു. ചരിത്രത്തിന്റെ രീതിശാസ്ത്രവും ആശയാവലികളുമുപയോഗിച്ച് സാഹിത്യകൃതികൾ വായിച്ച് ചരിത്രരചന നടത്തുന്ന ബാലിശരീതിയെ വിമർശിക്കുന്നു. സാഹിത്യം-സാഹിത്യേതരം, വാമൊഴി-വരമൊഴി എന്നീ വിഭജനങ്ങളുടെ യുക്തിയെ അദ്ദേഹം സംശയിക്കുന്നു.

ആധുനികതയുടെ ശീലങ്ങളിൽ വന്ന മാറ്റത്തെ സ്കറിയാ സക്കറിയ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു. "ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ സാഹിത്യപഠനങ്ങൾ സിദ്ധാന്തകേന്ദ്രിതമായി. അതിനുമുമ്പുണ്ടായിരുന്ന സിദ്ധാന്തങ്ങളിൽനിന്ന് (ധ്വനിസിദ്ധാന്തം, ജിനസിദ്ധാന്തം, ഉദാത്തതാവാദം, നിർവ്യക്തികതാസിദ്ധാന്തം) വ്യത്യസ്തമായിരുന്നു നവസിദ്ധാന്തങ്ങൾ. വിമർശനാത്മകതയായിരുന്നു അവയുടെ മുഖമുദ്ര. സാമാന്യബുദ്ധിയെ വിചാരണചെയ്ത് മറുപുറം കാട്ടിത്തരികയെന്നത് അവയുടെ പൊതുസ്വഭാവമാണ്." (2019:857) ഭാഷയും സാഹിത്യവും ലോകവും വേർപിരിച്ചുകൊണ്ടുള്ള സാഹിത്യപഠനം സാധ്യമല്ലെന്നാണ് സമകാലിക ധാരണ. ഭാഷയെ സാഹിത്യത്തിന്റെ അനുബന്ധമായി കാണുന്ന പ്രവണത ദുർബലമാവുന്നു. സാഹിത്യം ജീവിതത്തിന്റെ പ്രതിഫലനമാണെന്ന ധാരണയും മാറ്റപ്പെട്ടിരിക്കുന്നു. ഭാഷയുടെയും സാഹിത്യത്തിന്റെയും ലോകത്തിന്റെയും ഏകോപനത്തിലാണ് പുതിയ പഠനങ്ങളുടെ ശ്രദ്ധ.

പഠനങ്ങളിലൊന്നിലും ഇനി മൗലികവാദങ്ങൾക്ക് പ്രസക്തിയില്ല. ഭിന്നവിജ്ഞാനങ്ങളിലെ അറിവിനെയും സങ്കല്പങ്ങളെയും രീതിയെയും ഇണക്കാനുള്ള കഴിവാണ് ആവശ്യം. സാഹിത്യത്തിന്റെ പ്രയോഗമൂല്യം പ്രധാനമാകുന്നു. പഠനം പഠനപദ്ധതിയെക്കുറിച്ചുള്ള വീണ്ടുവിചാരമായി മാറുന്ന പശ്ചാത്തലത്തിലാണ് താരതമ്യസാഹിത്യവും ആഖ്യാനവിജ്ഞാനീയവുമെല്ലാം പാഠത്തിന്റെ പ്രകരണനിഷ്ഠതയിൽ ഊന്നി മേഖലാപഠനവും പ്രാദേശികതനിമകളുടെ വിളംബരവും ഒറ്റയായി മാറുന്നത്.

## സാഹിത്യചരിത്രവിജ്ഞാനീയം

സ്കറിയാ സക്കറിയയുടെ സാഹിത്യഗവേഷണങ്ങൾക്ക് സാഹിത്യചരിത്രവിജ്ഞാനീയപരമായ അടിത്തറയുണ്ട്. സാഹിത്യചരിത്രവിജ്ഞാനീയത്തെ ഒരു ഗവേഷണപദ്ധതിയായാണ് സ്കറിയാ സക്കറിയ പരിഗണിക്കുന്നത് എന്നതിന് താഴെചേർക്കുന്ന ഉദ്ധരണി ഉദാഹരണമാവുന്നു. "സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ ദത്തമെന്നാൽ സാഹിത്യവും സാഹിത്യം സാധ്യമാക്കുന്ന സമൂഹവുമാണ്. ദത്തങ്ങളിൽ നിന്ന് ധാരാളം വിവരങ്ങൾ ശേഖരിക്കാൻ കഴിയും. അവയെ പലമട്ടിൽ വർഗീകരിക്കുകയും അപഗ്രഥിക്കുകയും ചെയ്യാം. താർക്കികയുക്തി വേണോ സൗന്ദര്യയുക്തി വേണോ എന്ന് പഠിതാവിന് തീരുമാനിക്കാം. അത്തരം പ്രക്രിയകളിലൂടെ ഉരുത്തിരിയുന്ന വിവരങ്ങളെല്ലാം അക്കൂട്ടിൽത്തന്നെ അറിവായി പരിഗണിക്കാനാവില്ല. സാഹിത്യപഠനപരിശ്രമത്തിന്റെ ലക്ഷ്യങ്ങളുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു." (2019:555)

സാഹിത്യചരിത്രവിജ്ഞാനീയം പ്രതിരോധപരമായ നീക്കങ്ങളായി സാഹിത്യസംഭാവനകളെ കാണുന്നു. വിപുലനവും മൂല്യവർധനവും വരുത്തി നിരന്തരം പരിഷ്കരിക്കുകയും പരിണമിപ്പിക്കുകയും ചെയ്യേണ്ട സവിശേഷ ഇടമായി സാഹിത്യത്തെ പരിഗണിക്കുന്നു. തുടർചലനങ്ങളുടെ അറിവാണ് സാഹിത്യചരിത്രവിജ്ഞാനീയം. ചരിത്രസന്ധികളിലെ സമൂഹമനസ്സാണ് അത്



ചർച്ചചെയ്യുന്നത്. സാഹിത്യശൈലി, സാഹിത്യചരിത്രാനുഭവം, കഥാതലം, നാടകീയത, സംഭാഷണാത്മകത ഇവ മുൻനിർത്തിയെല്ലാം സാഹിത്യചരിത്രവിശദീകരണമാവാം. ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ ഏകോപിപ്പിച്ച് ദേശം, ജാതി, ലിംഗം, വർഗം തുടങ്ങിയവയോട് കണ്ണിചേർക്കാൻ സാഹിത്യചരിത്രവിജ്ഞാനീയത്തിലൂടെ സാഹിത്യത്തിലെ പരസ്പരബന്ധങ്ങൾ തിരിച്ചറിഞ്ഞ് സംവാദാത്മകമായി ആഴപ്പെടുത്തുന്നത് സാഹിത്യചരിത്രവിജ്ഞാനീയലക്ഷ്യമാണ്. ആരാണ് എഴുതുന്നത്? ആരാണ് വായിക്കുന്നത്? എന്താണ് സാഹിത്യസങ്കല്പം? എന്താണ് സാഹിത്യചിട്ടകൾ? സാഹിത്യജീവിതത്തിന്റെ അനുഷ്ഠാനങ്ങളും പങ്കാളിത്തവുമെന്ത്? ഈ ചോദ്യങ്ങൾക്ക് ലഭിക്കുന്ന മറുപടികൾ വിമർശനാത്മകമായി പരിശോധിച്ച് ഭാവിചരിത്രം നിർമിക്കുന്നു സാഹിത്യചരിത്രവിജ്ഞാനീയം.

ലീലാതിലകം, കേരളപാണിനീയപീഠിക, ഗുണ്ടർട്ട് നിഘണ്ടു എന്നിവയെ സാഹിത്യചരിത്രവിജ്ഞാനീയമാതൃകകളായി സ്കറിയാ സക്കറിയ പരിഗണിക്കുന്നു. ഘടനാവാദാനന്തരചിന്തയുടെ അടിസ്ഥാനത്തിൽ വികസിച്ചുവന്ന വിമർശനാത്മകചിന്തയാണ് ചരിത്രവിജ്ഞാനീയവും സാഹിത്യചരിത്രവിജ്ഞാനീയവും എന്ന ധാരണയാണ് ഈ പരിഗണനയിൽ നഷ്ടമാവുന്നത്. ചരിത്രനിരപേക്ഷത ഇത്തരം നോട്ടങ്ങളിൽ അബോധമായി വർത്തിക്കുന്നു.

## സാഹിതീയത എന്ന താക്കോൽവാക്ക്

ഭാഷാശരീരത്തിലല്ല; പ്രകരണത്തിലാണ് സാഹിതീയതയെന്ന് സ്കറിയാ സക്കറിയ ആവർത്തിക്കുന്നു. സംസ്കാരസ്പർശം കൊണ്ടാണ് ഭാഷയ്ക്ക് സാഹിതീയത കൈവരുന്നത്. സാഹിത്യം, സംസ്കാരം, ലോകം, അധികാരം, ഭാവന എന്നിവയുടെ ബലതന്ത്രത്തിലാണ് സാഹിതീയത പ്രകടമാവുന്നത്. പ്രകരണബലംകൊണ്ടാണ് സാഹിത്യപദവി കൈവരുന്നത്.

സ്കറിയാ സക്കറിയയിൽ പതിവുകാഴ്ചകൾക്കപ്പുറം 'ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ' എന്ന നോവൽ സാഹിതീയമായിത്തീരുന്നത് ഈ പ്രകരണബലം കൊണ്ടാണ്. 'ജാതിയും മതവും പ്രത്യയശാസ്ത്രവും സാഹിത്യത്തിൽ' എന്ന ലേഖനം സാഹിതീയതയെ ഇവയ്ക്ക് പകരം വെയ്ക്കുന്നു. സാഹിത്യമണ്ഡലത്തിലെ ജാതി-മത-രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ ഇടപെടലിന്റെ പശ്ചാത്തലത്തിൽ മതപരമായ ബൈബിൾ സാഹിത്യത്തെ സ്കറിയാ സക്കറിയ ചൂണ്ടിക്കാണിക്കുന്നു.

## ക്ലാസിക് എന്ന പരികല്പന

പ്രാചീന-മധ്യകാല സാഹിത്യത്തെക്കുറിച്ചുള്ള ധാരണകളെ സ്കറിയാ സക്കറിയ പുതുക്കിപ്പണിയുന്നു. പ്രാചീന-മധ്യകാലസാഹിത്യത്തിന്റെ പുനർവിഭാവനം, പുതിയ ദത്തങ്ങളുടെ അവതരണം, വിശകലനത്തിലെ

പുതുമകളും സാധ്യതകളും അവതരിപ്പിക്കാൻ, ആപേക്ഷികമായ അറിവു കളുടെ അവതരണം ഇവയിലെല്ലാം ഈ അന്വേഷണങ്ങൾ പുരോഗമിക്കുന്നു.

പ്രാചീനമലയാളത്തെ ക്ലാസിക് മലയാളമാക്കാൻ അതിന് അർത്ഥ പുഷ്ടി നൽകേണ്ടതുണ്ട് എന്ന് അദ്ദേഹം കരുതുന്നു. സംസ്കൃത-പാശ്ചാത്യ ഘട്ടവിഭജനമാണ് മലയാളത്തിന് ക്ലാസിക് ഘട്ടമില്ല എന്ന ധാരണയുണ്ടാക്കി യത്. കാലഗണന തിട്ടപ്പെടുത്താത്തതുകൊണ്ട് പ്രാചീനസാഹിത്യത്തെ മൊത്തം മധ്യകാലസാഹിത്യമായി അവതരിപ്പിക്കുകയായിരുന്നു. ദേശീയവ്യവഹാര ങ്ങളിൽ മലയാളത്തിന് പ്രാചീനഘട്ടമില്ല. ക്ലാസിക് അംഗീകാരം നേടിക്കൊ ടുത്തതുമാത്രമാണ് പ്രാചീനകൃതികൾക്കു തെളിവായി ദേശീയവ്യവ ഹാരത്തിൽ അവതരിപ്പിച്ചത്. ക്ലാസിക്കൽപഠിതാക്കളുടെ നിർണയത്തിൽ വരമൊഴി പരിഗണിക്കേണ്ടതില്ല എന്ന് നിയമാവലി പറയുന്നു. ഭാഷയുടെയും സാഹിത്യ ത്തിന്റെയും ക്ലാസിക്കൽചർച്ചകളെ ആധുനികകാലത്തിലേക്ക് വലിച്ചുനീട്ടി സങ്കല്പനപരമായി പുതുക്കാൻ സ്കറിയാ സക്കറിയ ശ്രദ്ധിക്കുന്നു. ലീലാതിലകത്തെ കേന്ദ്രീകരിക്കുന്ന ക്ലാസിക്പഠനത്തിന്റെ അനിവാര്യത സൂചിപ്പിക്കുന്നു. ക്ലാസിക്മലയാളത്തെ ഡിജിറ്റൽ വൈവിധ്യങ്ങളും വിചാരമാതൃകകളുമായി സ്കറിയാ സക്കറിയ ബന്ധിപ്പിക്കുന്നു.

പാഠം, വ്യവഹാരം, സംഭാഷണം, ആഖ്യാനം എന്നിവയുടെ വിമർശനാ ത്മക അപഗ്രഥനത്തിലൂടെയാണ് ക്ലാസിക്മലയാളത്തെ കണ്ടെടുക്കേണ്ടത്. തർജ്ജമപഠനം, സാഹിത്യചരിത്രവിജ്ഞാനീയം, പ്രയോഗവിജ്ഞാനം, താരതമ്യ സാഹിത്യസിദ്ധാന്തം, സംസ്കാരപഠനം, പ്രകടനവിജ്ഞാനം, ചരിത്ര വിജ്ഞാനം, ചിഹ്നവിജ്ഞാനം എന്നിവയെല്ലാം ഏകോപിപ്പിച്ച് ക്ലാസിക്പഠനം വിപുലമാക്കേണ്ടതുണ്ട്. നൃത്തം, സംഗീതം തുടങ്ങിയ സാംസ്കാരിക ആവിഷ്കാരപ്രകാരങ്ങളിലേക്ക് വ്യാപിക്കേണ്ടതാണ് ക്ലാസിക് എന്ന പരികല്പന. മറ്റ് ഭാരതീയഭാഷകളോട് താരതമ്യപ്പെടുത്തി കൂടിയാണ് അത് വികസിക്കേണ്ടത്. 'മലയാളപഠനം സംസ്കാരപഠനമായി വികസിക്കുമ്പോൾ' എന്ന പ്രബന്ധം ഇതിലേക്ക് നിർണായകമായ സൂചനകൾ നൽകുന്നു. മലയാളത്തിലെ സങ്കലനബഹുളങ്ങൾ പ്രധാനമാണ്. രാമായണ-മഹാഭാരത പുനരാഖ്യാനങ്ങൾ മുൻനിർത്തി മലയാളത്തിന്റെ പരിണാമങ്ങൾ വിശദീകരി ക്കാം. അറബിമലയാളം മലയാളത്തിന്റെ സൗന്ദര്യതന്ത്രങ്ങളും ആഖ്യാനമാതൃ കകളും പ്രമേയവൈവിധ്യവും വിപുലപ്പെടുത്തുന്നതിൽ വഹിച്ച പങ്കും പ്രധാനമാണ്.

കേരളോത്പത്തി, പഴമൊഴികൾ, ഭാഷാകൗടിലീയം, നമ്പ്യാന്തമിഴ്, ഉദയംപേരൂർ സൂനഹദോസ്, തലശ്ശേരിരേഖകൾ എന്നിവയിലൂടെ വർത്തമാന പുസ്തകം വരെയുള്ള ഗദ്യത്തെ ക്ലാസിക്ഗദ്യമായി സ്കറിയാ സക്കറിയ വിഭാവനം ചെയ്യുന്നു. രാമചരിതം മുതൽക്കുള്ള കവിതാസാഹിത്യത്തിന്റെ അവതരണം കൊളോണിയൽ ആണെന്നു തിരിച്ചറിഞ്ഞ് ബദലായി നാടോടി സാഹിത്യത്തെയും ജൂതസാഹിത്യത്തെയും അവതരിപ്പിക്കുന്നു. തുള്ളലി നെയും ആട്ടക്കഥയെയും തനത്‌രൂപങ്ങളായി പരിഗണിച്ച് പതിനെട്ടാം നൂറ്റാ ണ്ടോളം ക്ലാസിക് കാലഗണന നീളേണ്ടിയിരിക്കുന്നുവെന്ന് അദ്ദേഹം കരുതുന്നു.



## പ്രാചീനഗദ്യപാഠം

വർണം, പദം, വാക്യം തുടങ്ങിയ ഏകകങ്ങളിൽനിന്ന് ഗദ്യപാഠം, പാഠം, വ്യവഹാരം, സങ്കല്പനം, പ്രയോഗം എന്നിവയിലേക്കെല്ലാം സഞ്ചരിച്ചെത്തുന്ന സന്ദർഭമാണ് സ്കറിയാ സക്കറിയയുടേത്. പ്രാചീന സാഹിത്യപഠനത്തിന്റെ ആധുനികമാനങ്ങൾ ഈ പഠനങ്ങളിൽ കാണാം. മലയാളിസമൂഹം വൈജ്ഞാനികസമൂഹം എന്നനിലയിൽ നിരന്തരം അടയാളപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ ഗദ്യപാഠങ്ങൾ പ്രസക്തി കൈവരിക്കുന്നത്.

അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം, ദൂതവാക്യം എന്നിവയെ പ്രാചീനഗദ്യമാതൃകകളായി അവതരിപ്പിക്കുന്നു സ്കറിയാ സക്കറിയ. ഇവയെ രംഗപാഠങ്ങളായി പരിഗണിച്ച് നാടകീയപ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വാക്കുകളുടെ പൊരുൾ തേടേണ്ടതുണ്ട്. കൊളോണിക ഭരണത്തിന് മുൻപുള്ള മലയാളവൈജ്ഞാനികതയെ സൂചിപ്പിക്കുന്ന കൃതിയാണ് 11-12 നൂറ്റാണ്ടിലെ ഭാഷാകൗടിലീയം. കൗടിലീയത്തിന്റെ മഹാപാണ്ഡിത്യത്തെ ഭാഷാകൗടിലീയം പ്രാദേശികവൽക്കരിക്കുകയായിരുന്നു.'

## മിഷണറിസാഹിത്യം

മിഷണറിമലയാളത്തെ ബഹുമുഖപരികല്പനയായും വ്യവഹാര ങ്ങളിൽ ഒന്നായും സ്കറിയാ സക്കറിയ പരിഗണിക്കുന്നു.' പാശ്ചാത്യ മിഷണറിമാരും അവരുടെ മാർഗദർശനം ലഭിച്ച നാട്ടുകാരും രചിച്ച കൃതികളെ മിഷണറിമലയാളം എന്നുപറയാം. ചേനയിലെ മതപ്രചാരണങ്ങൾക്കും, മതപരവും സാമുദായികവുമായ ഉള്ളടക്കം, പാശ്ചാത്യമതപാരമ്പര്യങ്ങളുടെ ഭാഗമായ ആഖ്യാനശൈലി എന്നിങ്ങനെ മിഷണറിസാഹിത്യത്തിന്റെ അടിസ്ഥാനങ്ങളെ സ്കറിയാ സക്കറിയ വിപുലപ്പെടുത്തുന്നു. വർത്തമാന പുസ്തകം, പുത്രിമാരി എന്നും കേരളം എന്നും പേരായ രണ്ടു സ്ത്രീ കളുടെ കഥ, ഘാതകവധം, ഇന്ദുലേഖ, സരസ്വതീവിജയം, പുല്ലേലികുഞ്ചു എന്നിങ്ങനെ മലയാളസാഹിത്യശാഖകളിലെ മിഷണറി പൈതൃകം സ്കറിയാ സക്കറിയ ചർച്ച ചെയ്യുന്നു. രാജ്യസമാചാരം, പശ്ചിമോദയം, ജ്ഞാനനി ക്ഷേപം, വിദ്യാസംഗ്രഹം, സത്യനാദകാഹളം, നസ്രാണിദീപിക എന്നിവയി ലൂടെയാണ് ഇന്ദുലേഖ മുതലായ നോവലുകൾക്കും, മലയാളമനോരമ പോലുള്ള വർത്തമാനപ്പത്രങ്ങളിലേക്കുമുള്ള കുതിപ്പ് സാധ്യമായത്. നാടോടിസാഹിത്യ ത്തിൽനിന്ന് വരമൊഴിയിലേക്ക് വന്ന പാനയെ മിഷണറിമാർക്ക് ഏറെ ഇഷ്ടമായി. പത്തൊൻപതാംനൂറ്റാണ്ടുമുതൽ അച്ചടിയിലൂടെ പുത്തൻപാന വ്യാപകമായി പ്രചരിച്ചു. അർണോസ് പാതിരിയുടെ പാഠസംക്രമണ ത്തിലൂടെയാണ് അത് ജനകീയസാഹിത്യമായത്. മിഷണറിപഠനത്തെ തർജമപഠനം, സംസ്കാരപഠനം, മതവിജ്ഞാനം എന്നിവയോട് സ്കറിയാ സക്കറിയ ബന്ധിപ്പിക്കുന്നു. ലക്ഷ്യഭാഷയോട് വിശ്വസ്തത പുലർത്തി കൽപ്പാകാം എന്ന ദർശനമായിരുന്നു മിഷണറിമാരുടേത്. 'സഞ്ചാരിയുടെ പ്രയാണ'ത്തിലും 'വജ്രസൂചി'യിലും മതപ്രചാരണത്തിനനുസൃതമായ നീട്ടലും

കുറുക്കലും സംഭവിക്കുന്നു. ഓരോ മിഷണറികൃതിക്കും കേരളീയമായ ഭൂമികയുണ്ട്. സംസ്കൃതത്തിന്റെ ആധിപത്യത്തിൽനിന്ന് മലയാളഗദ്യത്തെ സംരക്ഷിക്കാൻ മിഷണറിമാർക്ക് കഴിഞ്ഞു. സംസ്കൃതത്തിനുവേണ്ടി വഴിമാറിക്കൊടുക്കേണ്ടിവന്ന ദ്രാവിഡപദങ്ങളെ മിഷണറികൃതികൾ സംരക്ഷിച്ചു.

### കോളനിയനന്തരപഠനങ്ങളുടെ സാംസ്കാരികയുക്തി

'ഗുണ്ടർട്ടുപൈതൃകവും കോളനിയനന്തരതയും ഭാവിയുടെ ചരിത്രമാകുമ്പോൾ', 'കോളനീകരണവും നിർക്കോളനീകരണവും മഹാഭാരതവായനയിൽ' എന്നീ ലേഖനങ്ങൾ കോളനിഘട്ടത്തിലെ അറിവുപദ്ധതികൾ കോളനിയനന്തരഘട്ടത്തിൽ എങ്ങനെ തർജ്ജമ ചെയ്യപ്പെടുന്നു എന്ന് അന്വേഷിക്കുന്നു. 'ചെറിയ കാര്യങ്ങളുടെ ദൈവം: ഒരു കാർണിവൽ ചിരി' കോളനിയനന്തരപഠനങ്ങളുടെ യുക്തിയിൽനിന്നുകൊണ്ട് നോവലിനെ സംബന്ധിച്ച് പുതിയ അർത്ഥങ്ങൾ ഉത്പ്പാദിപ്പിക്കുന്നു. സ്ഥലം, ദേശം, ഭാഷ്യം, വംശം തുടങ്ങിയ സ്ഥിരരാശികളോടു ബന്ധപ്പെടാത്ത ഉപസംസ്കാരത്തിന്റെ സൃഷ്ടിയായി നോവലിനെ അവതരിപ്പിക്കുന്നു. വിചിത്രവും സ്വപ്നാവൃതമെങ്കിലും പരിഷ്കാരത്തിന്റെയും വളർച്ചയുടെയും പാതയിൽനിന്നു മാറിപ്പോയ ഒരു നാടും ജനതയും എന്ന ഓറിയന്റലിസ്റ്റ്കല്പന ടൂറിസ്റ്റ് ദൃഷ്ടിയിൽ പുനരുത്പ്പാദിപ്പിക്കുന്നു അരുന്ധതിയുടെ നോവൽ എന്ന് സ്കറിയാ സക്കറിയ അഭിപ്രായപ്പെടുന്നു.

കോളനീകരണത്തിന്റെ നല്ല ഫലങ്ങൾ നിലനിർത്തി തദ്ദേശീയമായ ഉറവകളിലേക്ക് സഞ്ചരിക്കേണ്ടതുണ്ട് എന്ന് ഈ പ്രബന്ധങ്ങൾ കരുതുന്നു. മുൻകാല ചർച്ചകൾ മതത്തിന്റെ സാമൂഹികശാസ്ത്രവും ചരിത്രവും ചർച്ചചെയ്തെങ്കിലും രാഷ്ട്രീയം ചർച്ചചെയ്തില്ല. മതരാഷ്ട്രീയത്തെ ചെറുത്തുതോല്പിക്കാൻ പ്രാദേശിക സ്വത്വബോധം ഉണരണം. പൗരയുക്തികളുടെ ബലത്തിൽനിന്നുകൊണ്ട് കൊളോണിയൽ താത്പര്യങ്ങൾക്ക് പുറത്തുകടക്കാൻ കഴിയണം. പുത്തൻ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഈ വിഷയത്തിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും സ്കറിയാ സക്കറിയ കൂട്ടിച്ചേർക്കുന്നു.

### സംസ്കാരപഠനമാതൃകകൾ

കാനോനകളുടെയും നിയമാവലികളുടെയും ഭാഷാശാസ്ത്രവിശകലനമായിരുന്നു സ്കറിയാ സക്കറിയയുടെ പിഎച്ച്ഡി. ''പിൽക്കാലത്ത് കാനോനകൾ പുസ്തകരൂപത്തിൽ പുനഃപ്രസിദ്ധീകരിച്ചപ്പോൾ എഴുതിച്ചേർത്ത ആമുഖപഠനത്തിലും അടിക്കുറിപ്പിലും പ്രാചീനഗദ്യപഠനം സംസ്കാരപഠനമായി വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇണങ്ങർ, യോഗം, മാർഗം, പിഴപ്പൂക്ക തുടങ്ങിയ പദങ്ങളിലൂടെ സഞ്ചരിച്ച് സാന്നിധ്യങ്ങളും അസാന്നിധ്യങ്ങളും പരിഗണിച്ചു കോളനീകരണത്തിന്റെ വേരുകളും വഴികളും അടയാളപ്പെടുത്താൻ ശ്രമിച്ചിരുന്നു. ഇതു സൂചിപ്പിക്കുന്നത് പ്രാചീന



ഗദ്യപഠനത്തിന് സംസ്കാരപഠനത്തിലേക്ക് വഴിതുറക്കാൻ കഴിയുമെന്നാണ്.......ഓരോ പാഠവും ഓരോ ഘട്ടത്തിലും ആശയാവലികൾ, സങ്കല്പനങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവയെക്കുറിച്ച് തീക്ഷ്ണബോധം തിരിനിറുത്തേണ്ടതുണ്ട്. അങ്ങനെയുണ്ടാകുന്ന വിജ്ഞാനവിചാരം അറിവിനെ ആഴപ്പെടുത്തും. അറിവിനെ കുറിച്ചുള്ള അറിവ് വളർത്തും. പഠനഗവേഷണങ്ങളിൽ ഒഴിവാക്കാനാവാത്ത ഗുണമായി മാറിയിരിക്കുന്നു വിജ്ഞാനവിചാരം. വൈജ്ഞാനികതയ്ക്ക് ഊന്നൽനൽകുന്ന ഗദ്യപഠനത്തിൽ അതു മർമ്മപ്രധാനമാണ്" (2019:13) സംസ്കാരഗവേഷണസമീപനവും ഘട്ടങ്ങളും മേൽസൂചിപ്പിച്ച ഉദ്ധരണി വ്യക്തമാക്കുന്നു.

ഉദയംപേരൂർ സൂനഹദോസ്" നാനൂറുവർഷം തികയുമ്പോൾ എഴുതിയ 'ഉദയംപേരൂർ ഭാവിയുടെ ഓർമ്മ' എന്ന ലേഖനവും സംസ്കാരപഠനമാതൃകയിൽ എഴുതിയതാണ്. സൂനഹദോസിന്റെ കോളനിയനന്തരവായന നിർമ്മിക്കാനാണ് ലേഖനം ശ്രമിക്കുന്നത്. 16-ലെ പോർച്ചുഗീസ് അധിനിവേശത്തിന്റെ തുടർച്ചയായി സൂനഹദോസിനെ വിലയിരുത്തുന്നു. കോളനീകരണത്തിന്റെ ചരിത്രത്തിലെ നിർണായക ചുവടുവെയ്പ്പായിരുന്നു സൂനഹദോസ്. "മലങ്കൂട്ടായ്മയിൽനിന്ന്, നാട്ടുകൂട്ടായ്മയിൽനിന്ന് നസ്രാണികളെ വേർപിരിച്ച സംഭവമാണ് ഉദയംപേരൂർ സൂനഹദോസ്. ക്രൈസ്തവരുടെ തനതായ സ്വത്വത്തെ പൊളിച്ചുകാട്ടി, ക്രൈസ്തവരെ അന്യവൽക്കരിച്ച സംഭവമാണ് ഉദയംപേരൂർ സൂനഹദോസ്. അതിന്റെ കാനോനകളിൽ കാണുന്ന ഏറ്റവും വലിയ ഉത്ക്കണ്ഠ ഈ നാട്ടുകൂട്ടായ്മയിൽ ക്രിസ്ത്യാനിക്കു ദേശമില്ല എന്നുള്ളതായിരുന്നു. ഈ ദേശം വരുത്തുക എന്നതായിരുന്നു ഉദയംപേരൂർ സൂനഹദോസിന്റെ മുഖ്യലക്ഷ്യം." (2019:377)

പാശ്ചാത്യ അധികാരഘടന ഇന്നും നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് സൂനഹദോസിന്റെ വിശകലനം പ്രസക്തമാവുന്നത്. കൊളോണിയൽ പൂർവഘട്ടത്തിൽ മതഭേദങ്ങൾക്കതീതമായ സാമൂഹികതയായിരുന്നു നിലനിന്നിരുന്നത്. കോളനീകരണത്തോടെ മതത്തിന്റെ പേരിൽ അന്യരെ നിർമ്മിക്കുന്ന മാനസികവൃത്തി ആരംഭിച്ചു. മതസ്വത്വം വേഷത്തിലേക്കും പദങ്ങളിലേക്കുമെല്ലാം കൊണ്ടുവരികയായിരുന്നു സൂനഹദോസ്. പുരോഹിതബ്രഹ്മചര്യംപോലെ നസ്രാണികളുടെ ജീവിതത്തിലേക്ക് സൂനഹദോസ് രാജകീയമതതന്ത്രത്തെ കൊണ്ടുവന്നു. പാശ്ചാത്യമാതൃകയിലുള്ള അധികാരപ്രയോഗവും പാശ്ചാത്യ ആശയാവലികളോടുള്ള ദാസ്യഭക്തിയും സൂനഹദോസ് സാധ്യമാക്കി. സൂനഹദോസിന്റെ ജാതിയെ കുറിച്ചുള്ള ഉത്ക്കണ്ഠ തന്ത്രപരമായിരുന്നു.

സുറിയാനി കത്തോലിക്കാവിഭാഗത്തിൽ നിലനിൽക്കുന്ന ആഭ്യന്തരസംഘർഷങ്ങൾ വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് 'ഓറിയന്റലിസത്തിന്റെ മുഖവും നസ്രാണികളുടെ പ്രതിരോധവും' എന്ന ലേഖനം. അറിവ് എന്ന സങ്കല്പനവുമായി ലേഖനം ഇതിനെ ബന്ധപ്പെടുത്തുന്നു. ഏകശിലാരൂപവും അചഞ്ചലവുമാണ് ജ്ഞാനം എന്ന ധാരണ വഴിയുണ്ടാകുന്ന പ്രശ്നങ്ങൾ ഇവിടെ കാണാം. സമൂഹബദ്ധമാണ് അറിവ്. അറിവിലെത്താൻ സംവാദവും വ്യവഹാരവുമാണ് ആവശ്യം. വ്യവഹാരങ്ങളിലൂടെ അറിവ് പുഷ്ടി

പ്രാപിക്കുന്നു. വ്യാവഹാരിക ഉപപാദനത്തിനു മാത്രമേ ധർമബലം അവകാശപ്പെടാനാകൂ. വ്യാവഹാരികമായ അറിവും തീരുമാനങ്ങളും പരിണാമവിധേയമാണ്. ചർച്ചകളിലൂടെയും വിനയപൂർണമായ ആതിഥ്യങ്ങളിലൂടെയും സമൂഹത്തിൽ പങ്കുവെച്ച് ബലപ്പെടുത്തേണ്ട അറിവിനെ മൗലികവാദങ്ങളാൽ ദുർബലപ്പെടുത്തുന്നു എന്ന സമകാലികദുരന്തം മതരാഷ്ട്രീയത്തെയും നിർണയിക്കുന്നു. ഇന്ന് നസ്രാണി കത്തോലിക്കാസഭയിൽ നടക്കുന്ന പരിഷ്കരണങ്ങൾ പാശ്ചാത്യ ഓറിയന്റലിസത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടവയാണ്. നസ്രാണികളുടെ ചരിത്രാനുഭവവും വിശ്വാസമാർഗ്ഗവും കേരളത്തനിമയും വേണ്ടുംവണ്ണം ഉപയോഗിച്ച് പ്രതിരോധിക്കേണ്ടതാണ് ഇത്. സംസ്കാരലോപം, ഭാവനയിലെ ഭൂതകാലം എന്നീ സംസ്കാരപഠന സങ്കല്പനങ്ങൾ പ്രബന്ധം ഉപയോഗപ്പെടുത്തുന്നു.

'കുടിയേറ്റവും പ്രവാസവും മലയാളസാഹിത്യത്തിൽ' എന്ന പഠനം സംസ്കാരപഠനത്തെ ഇങ്ങനെ വരച്ചിടുന്നു. "സാഹിത്യപഠനം ഇന്ന് പൊതുവെ സംസ്കാരപഠനമായി മാറുകയാണ്. സംസ്കാരം എന്നാൽ ജീവിതശൈലി. സമകാലികജീവിതത്തെയും സാഹിത്യത്തെയും കൂട്ടിയിണക്കി നടത്തുന്ന തത്വനിഷ്ഠവും വിമർശനാത്മകവുമായ പഠനം ഒരു വിജ്ഞാനാഭിമുഖ്യമായി ശക്തിപ്രാപിക്കുകയാണ്. ഇതിന് സാഹിത്യത്തിന്റെ സൗന്ദര്യവും രാഷ്ട്രീയവും തുല്യപ്രാധാന്യം നേടുന്നു. ഇത്തരം പഠനത്തിനു ചരിത്രത്തിന്റെ പിൻബലം വേണം. കാലം, ആഖ്യാനം, ചരിത്രം എന്നിവയുടെ ത്രിമാനതയിലാണ് ഇവിടെ സാഹിത്യരചനകൾ കാണപ്പെടുന്നത്" (2018:10). കാലം മാറുമ്പോൾ കുടിയേറ്റം എന്ന ചരിത്രാനുഭവത്തിനും പുതിയ ഭാഷ്യങ്ങൾ ഉണ്ടാകുന്നു. കുടിയേറ്റത്തിന്റെ ഭൗതികഭൂമിശാസ്ത്രം, മാനസികഭൂമിശാസ്ത്രം, കുടിയേറ്റക്കാരുടെ ഭാഷാസങ്കലനം, കുടിയേറ്റം സംബന്ധിച്ച സാമൂഹികശാസ്ത്രകാരൻമാരുടെ കാഴ്ചപ്പാടുകൾ എന്നിവയെല്ലാം പഠനത്തിലേക്ക് കടന്നുവരുന്നു.

ജനകീയ-ജനപ്രിയ സംസ്കാരങ്ങൾ, സംസ്കാരവ്യവസായം, സംസ്കാരത്തിന്റെ മലയാളപാരമ്പര്യം, സംസ്കാരത്തിന്റെ പ്രകരണനിഷ്ഠത, സംസ്കാരവും അധികാരവും, ആഗോളവത്കരണസന്ദർഭത്തിൽ സംസ്കാരസങ്കല്പനത്തിന് വരുന്ന അർത്ഥപരിണാമങ്ങൾ എന്നിങ്ങനെ നിരവധി വിഷയങ്ങളും സ്കറിയാ സക്കറിയയുടെ സംസ്കാരപഠനങ്ങളിലേക്ക് കടന്നുവരുന്നു.

കോളനീകരണം അനുഷ്ഠിച്ച വൈരുദ്ധ്യാത്മകധർമങ്ങളെ വിശകലനം ചെയ്യാൻ പ്രാപ്തമല്ല സ്കറിയാ സക്കറിയയിലെ ഈ പരിപ്രേക്ഷ്യം. അത് കോളനീകരണത്തെ കേവലാധിനിവേശമായി വിലയിരുത്തുന്നു. വിമോചനത്തിന് പരിമിതമായ ജനാധിപത്യമാനങ്ങൾ ബലമായി നിർദ്ദേശിക്കുന്നു. കോളനീകരണത്തെ കുറിച്ച് നിലവിലുള്ള അനവധി പരിപ്രേക്ഷ്യങ്ങളിൽ ഒന്നായി ഇതിനെ കാണേണ്ടതുണ്ട്. സംസ്കാരപഠനങ്ങളിലോ അനുബന്ധമായ കോളനിയനന്തരപഠനങ്ങളിലോ കോളനീകരണത്തെ സംബന്ധിച്ച് ബഹുസ്വരമായ നോട്ടങ്ങൾ കാണാം. കോളനീകരണത്തിന്റെ മനശ്ശാസ്ത്ര അബോധവും പരസ്പര രൂപാന്തരണസാധ്യതകളും എല്ലാം



ഇത്തരം പഠനങ്ങൾ ചർച്ചചെയ്യുന്നു. കിഴക്ക്/പടിഞ്ഞാറ്, അധിനിവേശകൻ/അധിനിവേശിതൻ എന്നീ ദ്വന്ദ്വങ്ങൾക്കപ്പുറത്ത് സമകാലികസന്ദർഭത്തിൽ രൂപപ്പെട്ടുവരുന്ന വിപുലമായ ഐക്യനിരകളെയും ഇത്തരം പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. കോളനീകരണം ഇത്തരം പഠനങ്ങളിൽ പ്രകരണാനുഭവങ്ങളാകുന്നു. ഇന്ത്യൻസംസ്കാരപഠനങ്ങളുടെ കോളനീകരണവിശകലനങ്ങൾ ഉദാഹരണമാണ്. കോളനീകരണം എന്ന സാമൂഹികാനുഭവത്തിന്റെ നാനാ അടരുകളിലുള്ള വിശകലനസാധ്യതകളാണ് സംസ്കാരപഠനത്തെ ആധുനികതാവിമർശനം എന്നനിലയിൽ മികച്ചതാക്കിത്തീർക്കുന്നത്. ആധുനികമാനങ്ങളിലുള്ള ഏകീയപഠനങ്ങൾക്ക് ഈ സങ്കീർണതകൾ നഷ്ടമാവുന്നു. ഉദയംപേരൂർ സൂനഹദോസ് പോലുള്ള കൊളോണിയൽ പദ്ധതികൾ അനുഷ്ഠിച്ച വൈരുദ്ധ്യാത്മകധർമങ്ങളാണ് യഥാർത്ഥത്തിൽ സംസ്കാരപഠനങ്ങളിൽ ആഴത്തിൽ തെളിഞ്ഞുവരേണ്ടത്. മധ്യകാലസമൂഹത്തിന്റെ ജാതീയയുക്തിയിൽ വിമോചനാത്മകമായി ഇടപെട്ട് പുതിയ കർതൃത്വരൂപീകരണങ്ങൾ നടത്തുന്നു സൂനഹദോസ്. ഇതാകട്ടെ ആധുനികമാനങ്ങളിലുള്ള വിപുലമായ പുഷണപ്രക്രിയയിലേക്ക് നയിക്കുകയും ചെയ്യുന്നു. സംസ്കാരപഠനത്തിന്റെ വിശകലനപര്യാപ്തിയിൽ അനതിസാധാരണമായ അറിവുനിർമാണസാധ്യതകൾ ഉദയംപേരൂർ സൂനഹദോസ് തുറന്നിടുന്നു.

### സാഹിത്യപഠനങ്ങളിലെ സമകാലികമാനങ്ങൾ

'ഇസങ്ങൾ സാഹിത്യവ്യവഹാരത്തിൽ' എന്ന ലേഖനം ഇസങ്ങൾ സാഹിത്യചരിത്രത്തിൽ എങ്ങനെ ഇടപെടുന്നുവെന്ന് അന്വേഷിക്കുന്നു. തികവ്, സൗന്ദര്യം, ശ്രേണി, ശൃംഖലകൾ എന്നീ ജ്ഞാനതന്ത്രങ്ങളിലൂടെ ഇസങ്ങളെ പുനർവിചാരിച്ച് അവയുടെ പരിവർത്തനശേഷി ചർച്ച ചെയ്യുന്നു. സാഹിത്യപഠനത്തിന്റെ ആദ്യഘട്ടത്തിൽ അനുഷ്ഠാനപരമായാണ് ഇസങ്ങൾ മനസ്സിലാക്കപ്പെട്ടത്. ഇസങ്ങൾ പ്രത്യയശാസ്ത്രത്തിന്റെയും ദർശനത്തിന്റെയും ഭാഗമായി വിലയിരുത്തപ്പെട്ടു. വായനയുടെ നിർമാണപക്ഷത്തിലൂന്നി ഇസങ്ങളുടെ വൈജ്ഞാനികപ്രസക്തി പരിശോധിക്കേണ്ടതുണ്ട്. "സാഹിത്യത്തിന്റെ മാത്രം പ്രശ്നമല്ല ഇസങ്ങൾ. സ്ഥലകാലങ്ങളിലൂടെ വൈവിധ്യമാർന്ന് വളർന്നുവികസിക്കുന്ന ആശയാവലികളുടെ പൊതുസംജ്ഞയായി ഇസങ്ങൾ ഇന്നു കരുതപ്പെടുന്നു" (2018:12) ഇസം പാശ്ചാത്യം മാത്രമല്ല. ഇസത്തിലെ ചിഹ്നങ്ങൾ, അവയുടെ ചരിത്രപരത എന്നിവ പ്രധാനമാണ്. ഭാഷയിലും ഭാവത്തിലും സാങ്കേതികവിദ്യയിലും ജീവിതശൈലിയിലും ഉണ്ടാകുന്ന മാറ്റങ്ങൾ ഇസങ്ങളുടെ തരംഗങ്ങളെ കൂടുതൽ ശക്തമാക്കുന്നു.

'തകഴിയെപ്പറ്റി ചില സാധ്യതാപര്യാലോചനകൾ' എന്ന പഠനത്തിൽ ഭാഷാപഠനവും സാഹിത്യപഠനവും ഒന്നുചേരുന്നു. ഘടനാവാദ- ഘടനാവാദാനന്തരചിന്തയുടെയും അറിവിനെ സംബന്ധിച്ച സമകാലിക ധാരണയുടെയും പശ്ചാത്തലത്തിൽ മാധവിക്കുട്ടിയുടെ സാഹിത്യലോകത്തെ വിലയിരുത്തുന്നു. 'മാധവിക്കുട്ടിയുടെ രചനകളിലെ അലിയുന്ന കർതൃത്വം' എന്ന പ്രബന്ധം

യാഥാർത്ഥ്യം പാഠപരമാണ് എന്നുകരുതുന്ന പ്രബന്ധം മായാവാദം, മിശ്രപാഠം, പാഠാന്തരബന്ധം എന്നീ സങ്കല്പനങ്ങളെ ഉപയോഗിക്കുന്നു. 'പൊൻകുന്നം വർക്കിയുടെ ദർശനം' സത്യാനന്തരകാലം മുൻനിർത്തുന്ന വായനയാണ്. സാഹിത്യത്തെക്കുറിച്ചുള്ള സങ്കല്പനങ്ങൾ മാറിവരുന്ന പശ്ചാത്തലത്തെ 'നോബൽ സമ്മാനവും മാറേണ്ടിപ്പാട്ടും' എന്ന പ്രബന്ധം ചൂണ്ടിക്കാണിക്കുന്നു. 'ബൈബിളും നവീന മലയാളസാഹിത്യവും' സമകാലികസാഹിത്യംവരെ മലയാളസാഹിത്യത്തിലെ ബൈബിൾ പുനരാഖ്യാനത്തിന്റെ ഭിന്നമാതൃകകൾ പരിശോധിക്കുന്നു. ബൈബിളിലെ കഥാംശങ്ങളെ ഭാഷാന്തരത്തിലേക്ക് സംപ്രേക്ഷണം ചെയ്യുന്ന സമകാലിക സാഹിത്യസന്ദർഭത്തെ പ്രബന്ധം ചേർത്തുവെയ്ക്കുന്നു. 'വനിതക്കവിത ഇരുപത്തൊന്നാം നൂറ്റാണ്ടിൽ' എന്ന പ്രബന്ധം മാറിവരുന്ന സ്ത്രീവാദ സങ്കല്പനങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത കാവ്യലോകത്തെ വിശകലനം ചെയ്യുന്നു.

### ഡിജിറ്റൽ മാനവികവിജ്ഞാനവും ഗവേഷണസംസ്കാരവും

വിവരസാങ്കേതികവിദ്യയുമായുള്ള വിമർശനാത്മക അഭിമുഖീകരണം സമകാലികവിജ്ഞാനവ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു. വിപുലമായ ദത്തശേഖരത്തെ സമീപിക്കേണ്ടതെങ്ങനെ, ദത്തങ്ങളെ ഉപയോഗപ്പെടുത്തേണ്ടതും പരിചരിക്കേണ്ടതും എങ്ങനെ, ഭാഷാ-സാഹിത്യ ചരിത്രനിർമാണത്തിന് ഉപയോഗിക്കേണ്ടത് എങ്ങനെ എന്നിവയെല്ലാം പ്രധാനമാണ്. ഡിജിറ്റൽവായന ഊട്ടുമുറിക്കു സമാനമായ ഉപയോഗമുറിയാണ്. സമൂഹം, സാമൂഹികബന്ധങ്ങൾ, സാമ്പത്തിക-സംവേദനബന്ധങ്ങൾ, ആശയാവലികൾ ഇവയെല്ലാം തിരിച്ചറിയുമ്പോൾ വായന സർഗാത്മകവും വിമർശനാത്മകവുമാകുന്നു. അർത്ഥത്തിനും അപ്പുറമുള്ള പൊരുൾ വായനയുടെ ഉൽപന്നമാണ്. വിവരസാങ്കേതികവിദ്യ ജനാധിപത്യപരമാണ്. അത് ബഹുസ്വരസമൂഹത്തെയും സംസ്കാരത്തെയും പ്രോത്സാഹിപ്പിക്കുന്നു. വിവര സാങ്കേതികവിദ്യ മേൽക്കീഴ്ബന്ധങ്ങളെക്കാൾ ഇടംവലംബന്ധങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാർത്ഥികൾക്ക് പങ്കാളിത്തവും പ്രാധാന്യവും നൽകുന്നു. അത് ശൈക്ഷണികവിജ്ഞാനവും സാങ്കേതികവിദ്യയും ചേരുന്ന അധ്യയനരീതിയെ നിർമിക്കുന്നു. ലീലാതിലകം മുൻനിർത്തി ഈ മേഖലയിൽ നടക്കേണ്ടുന്ന ഏകീകരണത്തെ സ്കറിയാ സക്കറിയ സൂചിപ്പിക്കുന്നു.

### കൂടുതൽ ഉറപ്പുള്ള സമൂഹകഥകൾക്കായി ചില പുനർവിഭാവനങ്ങൾ

സാംസ്കാരിക ആവിഷ്കാരപ്രകാരങ്ങളിൽ ഒന്നായി സംസ്കാരപഠനം സാഹിത്യത്തെ തിരിച്ചറിയുന്നു. സർവതലങ്ങളിലും പ്രവർത്തിക്കുന്ന എണ്ണമറ്റ അധികാരബന്ധങ്ങളുടെ സങ്കീർണവും നിരന്തരപരിണാമിയുമായ മണ്ഡലമായി സാഹിത്യമടക്കമുള്ള സാംസ്കാരിക ആവിഷ്കാരങ്ങളെ സംസ്കാരപഠനം തിരിച്ചറിയുന്നു. സാഹിത്യത്തിന് കൈവരുന്ന അനന്യതയെ സാംസ്കാരികമായി വിശദീകരിച്ച് അതിനെ പ്രകരണനിഷ്ഠമായി



അടയാളപ്പെടുത്തുന്നു. സാഹിത്യഗവേഷണത്തെ ബഹുവൈജ്ഞാനികമാക്കി, വ്യാവഹാരികമായി വിപുലപ്പെടുത്തി, അറിവിന്റെ വ്യാവഹാരികതയെ ഉറപ്പിച്ച്, അറിവും അധികാരവും തമ്മിലുള്ള ബന്ധത്തെ അനാവരണം ചെയ്ത് സംസ്കാരപഠനം മുന്നേറുന്നു. സംസ്കാരപഠനത്തിന്റെ ഈ തുറവികൾ തന്നെയാണ് സ്കറിയാ സക്കറിയയുടെ അന്വേഷണങ്ങളും സാധ്യമാക്കുന്നത്. മുൻകാല സാഹിത്യഗവേഷണപരിപ്രേക്ഷ്യങ്ങളിൽനിന്ന് മുന്നോട്ട് സഞ്ചരിക്കാൻ സ്കറിയാ സക്കറിയയെ പ്രാപ്തമാക്കിയത് ഈ സംസ്കാരപഠന വിവേകമാണ്. എന്നാൽ അതാകട്ടെ ബഹുമുഖമായ വൈരുദ്ധ്യങ്ങൾ തുറന്നിടുന്നതാണുതാനും. സംസ്കാരപഠനം ലക്ഷ്യംവെയ്ക്കുന്ന വിശകലന പര്യാപ്തിയും രാഷ്ട്രീയപ്രതിബദ്ധതയും സ്കറിയാ സക്കറിയയുടെ അന്വേഷണങ്ങളിൽ ചിലപ്പോഴെങ്കിലും ചോർന്നുപോയതിലേക്കാണ് മേൽ നടത്തിയ വിശകലനം നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത്. വ്യക്തിപരം എന്നതിലുപരി ഒരു വിജ്ഞാനപദ്ധതിയുടെ മലയാളപ്രയോഗവുമായി ബന്ധപ്പെട്ട പ്രശ്നം കൂടിയാണിത്.

### സംസ്കാരപഠനം എന്ന ഗവേഷണരംഗം

സ്കറിയാ സക്കറിയയെ മുൻനിർത്തി തുറന്നുവരുന്ന ഇത്തരം പ്രശ്നപരിസരങ്ങളെ സംസ്കാരപഠനത്തിന്റെ ചരിത്രത്തോടും ഇന്ത്യൻ ബൗദ്ധികജീവിതവഴികളോടും ചേർത്തുവെച്ച് പരിശോധിക്കാവുന്നതാണ്. മലയാളപഠനവും സംസ്കാരപഠനവും തമ്മിലുള്ള ബന്ധം കൂടുതൽ രാഷ്ട്രീയയുക്തമാക്കാൻ ഇത് സഹായകമാവും.

സംസ്കാരപഠനത്തിന്റെ ചരിത്രത്തെ നാളിതുവരെയുള്ള വിദ്യാഭ്യാസ ചരിത്രത്തോടും വിജ്ഞാനചരിത്രത്തോടും ഉള്ള വിമർശനമായി കൂടി പരിഗണിക്കാം. അതിൽ നിന്നുകൂടിയാണ് സംസ്കാരപഠനം അതിന്റെ രീതിപദ്ധതികൾ രൂപപ്പെടുത്തിയത്. ഒരു ഗവേഷണപദ്ധതി എന്നനിലയിൽ സംസ്കാരപഠനം വികസിച്ചുവന്നത് പല ഘട്ടങ്ങളിലൂടെയായിരുന്നു. മറച്ചുവെച്ച സംസ്കാരങ്ങളുടെ വീണ്ടെടുപ്പ് എന്ന പ്രാഥമിക അർത്ഥത്തിൽ നിന്ന് ആഴത്തിലുള്ള ഗവേഷണം എന്ന നിലയിലേക്ക് സംസ്കാരപഠനം പിന്നീട് വളർന്നു. നിഷ്പക്ഷ ആഖ്യാതാവ് എന്ന ഗവേഷകന്റെ നില ഒരുഘട്ടത്തിൽ സംസ്കാരഗവേഷണങ്ങളിൽ നിലനിന്നിരുന്നു. പുതിയ പദാവലികളുടെയും സങ്കേതങ്ങളുടെയും പിന്നീട് അത് വിപുലമായ വിഷയമായി മാറി. ഗവേഷകൻ ഗവേഷണവിഷയത്തോടൊപ്പം ജീവിക്കുന്ന അവസ്ഥയായി ഇന്ന് സംസ്കാരപഠനങ്ങൾ മാറുന്നു. അവിടെ സിദ്ധാന്തവും പ്രയോഗവും ഒന്നാകുന്നു. ആരായുന്ന എന്ന നിലയിൽ ഗവേഷണവിഷയത്തെ സമീപിക്കുന്ന ഗവേഷകന്റെ നില സംസ്കാരപഠനത്തിലേക്ക് വീണ്ടും ജനപ്രിയമായ താത്പര്യങ്ങളെ കൊണ്ടുവരുന്നു.

താത്പര്യങ്ങളും രീതിപദ്ധതികളും നിരന്തരം മാറിമറിഞ്ഞ വൈജ്ഞാനികപദ്ധതിയായിരുന്നു സംസ്കാരപഠനം. ഇത്തരം താത്പര്യങ്ങളുടെ സ്ഥാപനപരവും വ്യാവഹാരികവുമായ നിർമീകരണസന്ദർഭങ്ങളും പ്രധാന

മാണ്. 1950-കളിൽ ബ്രിട്ടനിൽ രൂപപ്പെടുമ്പോൾ ആധുനികതയുടെ ശാസ്ത്രീയവും ഉപകരണാധിഷ്ഠിതവുമായ സമീപനങ്ങളെ വിമർശിച്ച് വ്യക്തിജീവിതത്തെയും അനുഭൂതിമണ്ഡലത്തെയും വിശദീകരിക്കുന്ന സമീപനമായിരുന്നു സംസ്കാരപഠനത്തിനുണ്ടായിരുന്നത്. 1957 ൽ പുറത്തുവന്ന ഹൊഗാർത്തിന്റെ 'സാക്ഷരതയുടെ ഉപയോഗം' (The uses of literacy)എന്ന കൃതി ഉദാഹരണമാണ്. രണ്ടാംഘട്ടത്തിൽ നവഇടതുപക്ഷത്തിന്റെ താൽപര്യങ്ങൾ ഉൾക്കൊണ്ട് വിശകലനത്തിന്റെ മികച്ച മാതൃകയായി സംസ്കാരപഠനം വികസിച്ചു. ഹൊഗാർത്തിലൂടെയും റെയ്മണ്ട് വില്യംസിലൂടെയും സംസ്കാരപഠനത്തിന് വന്ന മാറ്റങ്ങൾ എഫ്.ആർ. ലെവിസിലെ കുലീനതാസങ്കല്പങ്ങളെ വിമർശിക്കുന്നതും ബ്രിട്ടനിലെ അടിസ്ഥാനവർഗത്തെ ഊന്നുന്നതും സോഷ്യലിസ്റ്റ് ആശയങ്ങളിലേക്ക് പരിണമിക്കുന്നതുമായിരുന്നു. 1964-ൽ പുറത്തുവന്ന ഇ.പി.തോംസന്റെ 'ഇംഗ്ലണ്ടിലെ അടിസ്ഥാനവർഗത്തിന്റെ രൂപീകരണം' (The making of the english working class) എന്ന കൃതി ഉദാഹരണമാണ്.

സംസ്കാരപഠനത്തിന്റെ ഫ്രഞ്ച്മാതൃക പഴയതിൽ നിന്നുള്ള വലിയ വിച്ഛേദമായിരുന്നു. എഴുപതുകളുടെ അവസാനത്തിൽ ബോർദ്ദുവിലും ഫൂക്കോയിലും കുടുംബം, വിദ്യാഭ്യാസം എന്നിങ്ങനെ വ്യക്തി ഉൾക്കൊള്ളുന്ന വിവിധ തലങ്ങൾ അപഗ്രഥിക്കപ്പെട്ടു. ഇവയോരോന്നിനെയും ഫീൽഡായി പരിഗണിച്ച് സമൂഹം എന്ന ഫീൽഡിനോട് അവയ്ക്കുള്ള ബന്ധത്തെ ഈ അന്വേഷണങ്ങൾ പരിഗണിച്ചു. ഫീൽഡിലെ അധികാരബന്ധങ്ങൾ, ഫീൽഡിന്റെ പരിമിതിയും പ്രതീക്ഷകളും, ഫീൽഡിന്റെ സാങ്കല്പികത ഇവയെല്ലാം പ്രധാനമാണ്. സംസ്കാരങ്ങളുടെ രൂപീകരണത്തെയും അത് ജനതയെ മെരുക്കുന്ന രീതിയെയും സംബന്ധിച്ച മിഷേൽ ഫൂക്കോയുടെ ആലോചനകളെയും ഇതോട് ചേർത്തുവെയ്ക്കാവുന്നതാണ്. ആഗോളവത്കരണത്തിന്റെയും നവവലതുപക്ഷത്തിന്റെയും സന്ദർഭത്തിൽ സംസ്കാരപഠനം സാർവ്വദേശീയമായി മാറി. അതിവ്യവഹാരം എന്നനിലയിൽ വിപുലപ്പെട്ട് വർഗത്തിന് പകരം വംശം, ലിംഗം, ലൈംഗികത ഇവയെല്ലാം അന്വേഷണവിഷയമായി. ജനപ്രിയസംസ്കാരത്തെ സംബന്ധിച്ച നിരവധി ആലോചനകൾ സംസ്കാരപഠനത്തിലേക്ക് കടന്നുവന്നു. പഴയ അർത്ഥങ്ങളുടെ നിർമാണത്തിൽ ആനന്ദിക്കുന്ന ഒന്നാണ് ജനപ്രിയസംസ്കാരം എന്നിരിക്കെത്തന്നെ, ഇവയിൽ പ്രവർത്തിക്കുന്ന വിപണിതാൽപ്പര്യങ്ങളും ശ്രദ്ധിക്കപ്പെട്ടു. ജനപ്രിയസംസ്കാരം എന്നത് അനുദിനജീവിതമായി ഇന്ന് തിരിച്ചറിയപ്പെടുന്നു. അനുദിനജീവിതത്തിന്റെ ബഹുത്വം പ്രധാനമാണ്. ഓരോ ജനപ്രിയതയും പ്രകരണബദ്ധമാണ്.

ഘടനാ-ഘടനാനന്തരചിന്തയുടെ ഭാഗമായി നിലവിൽ വന്നതെങ്കിലും ഈ സൈദ്ധാന്തിക അടിസ്ഥാനങ്ങൾ ഇന്ന് സംസ്കാരപഠനത്തിൽനിന്ന് മാറുന്നു. ഉപസംസ്കാരങ്ങളെയും മാധ്യമസാംസ്കാരികതയെയും വംശീയതയെയും കുറിച്ചുള്ള വിശകലനമായി അത് മാറുന്നു. സംസ്കാരപഠനത്തെ ഒരു വിമർശനാത്മക ഇടപെടലായി പരിഗണിച്ച്, വരാൻ പോകുന്ന ലോകസാഹചര്യങ്ങളെ വിശദീകരിക്കാൻപോന്ന വിജ്ഞാന പദ്ധതിയായി മാറ്റുന്നതിന് ഏറ്റെടുക്കേണ്ടുന്ന അടിയന്തിരദൗത്യങ്ങളെ



സിമോൺ ഡ്യൂറിംഗ് നിർദ്ദേശിക്കുന്നു. സംസ്കാരപഠനത്തെ നിശ്ചിതപരിധിയുള്ള ഒരു ബഹുവിജ്ഞാനപദ്ധതിയായി സമീപിക്കൽ ഇതിൽ പ്രധാനമാണ്. പാർശ്വവൽക്കൃതരുടെ ശബ്ദങ്ങൾ കേൾപ്പിക്കാൻ പര്യാപ്തമാവണം ഈ വിജ്ഞാനപദ്ധതി. അനുദിനജീവിതത്തെയും അതിലെ സാംസ്കാരിക സവിശേഷതകളെയും നിർമാണത്തെയുമെല്ലാം അത് വിശദീകരിക്കണം. ദേശീയ സംഘർഷത്തിന്റെ വിശകലനം, ഇടത്-വലത് സാമ്പ്രദായികയുക്തികൾ എന്നിങ്ങനെ പരമ്പരാഗതധാരണകളിൽനിന്ന് സംസ്കാരപഠനം പുറത്തുകടക്കേണ്ടതുണ്ട്. നിലവിൽ സംസ്കാരപഠനം നിർമിച്ച അതിരുകൾ, സംസ്കാരപഠനങ്ങളിൽ പ്രവർത്തിക്കുന്ന ഭാവി-ഭൂതകാലങ്ങളുടെ വേർപെടൽ ഇവയെയെല്ലാം വിമർശനാത്മകമായി മനസ്സിലാക്കേണ്ടതുണ്ട്.

യൂറോകേന്ദ്രിത ആധുനികതയെ വിമർശിച്ച് ആധുനികതയുടെ ബഹുത്വങ്ങൾ കണ്ടെടുക്കുന്ന വിജ്ഞാനപദ്ധതിയായി ലോറൻസ് ഗ്രോസ്ബെർഗ് സംസ്കാരപഠനത്തെ അവതരിപ്പിക്കുന്നു. ആധുനികതയ്ക്കെതിരായ നിരീക്ഷണങ്ങൾ അത് അഴിച്ചുവിടുന്നു. സാമ്പത്തികശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും മണ്ഡലങ്ങളിൽനിന്ന് ഈ ആലോചനകളെ അദ്ദേഹം വിപുലപ്പെടുത്തുന്നു. വ്യത്യസ്ത വിജ്ഞാനങ്ങളിൽ സംഭവിച്ച സാംസ്കാരികമാറ്റവും സൗന്ദര്യശാസ്ത്രപരമായും പ്രകടനപരമായും സ്ഥലപരമായും സംഭവിച്ച മാറ്റങ്ങളാണ്.

ആധുനികതയെ സ്വയം ഉൽപ്പാദനാത്മകവും നിരന്തരപരിണാമിയും ബഹുമുഖസ്വഭാവമുള്ള ഒരു യന്ത്രമായി ഗ്രോസ്ബെർഗ് അവതരിപ്പിക്കുന്നു. രാഷ്ട്രീയം എന്നതിനെ യൂറോകേന്ദ്രിത ആധുനികത ചുരുക്കുകയായിരുന്നു. വർഗം, ഭരണകൂടം എന്നിവയ്ക്കെല്ലാം അത് നൽകിയ അർത്ഥങ്ങൾ പരിമിതമായിരുന്നു. ഭരണകൂടം, നിർവഹണസ്ഥാപനങ്ങൾ, അനുദിനജീവിതം എന്നിങ്ങനെ മൂന്ന് അടരുകളായി ഗ്രോസ്ബെർഗ് ഇതിനെ വിപുലപ്പെടുത്തുന്നു. സംസ്കാരപഠനത്തെ രാഷ്ട്രീയസിദ്ധാന്തമായും പ്രയോഗമായും ഗ്രോസ്ബെർഗ് പരിഗണിക്കുന്നു. ആധുനിക അർത്ഥത്തിലുള്ള രാഷ്ട്രീയ സങ്കല്പങ്ങൾ അവസാനിച്ച് പുതിയ അധികാരബന്ധങ്ങളുടെ വിവരണമായി സംസ്കാരപഠനം മാറുന്നു. ജൈവാധികാരവും വിജ്ഞാന പദ്ധതികളുമായി ബന്ധപ്പെടുത്തി മിഷേൽ ഫൂക്കോയും, ബയോസ് (bios) എന്നനിലയിൽ അഗമ്പനും ജീവിതഘടന എന്നനിലയിൽ നെഗ്രിയും സമഗ്രജീവിത രീതിയായി റെയ്മണ്ട് വില്യംസും ആധുനികതയെ വിശദീകരിച്ചത് ഈ രാഷ്ട്രീയ യാഥാർത്ഥ്യം പരിഗണിച്ചുകൊണ്ടാണ്. ആധുനികതയെക്കുറിച്ചുള്ള വിചാരങ്ങൾ പുതിയ ആധുനികതകൾതന്നെ സാധ്യമാക്കുന്നു. അറിവിന്റെ അപകോളനീകരണത്തിലൂടെ മാത്രമേ പുതിയ ആധുനികതയെ കുറിച്ചുള്ള ചർച്ചകൾ സാധ്യമാവൂ എന്ന് ഗ്രോസ്ബെർഗ് കരുതുന്നു.

വൈജ്ഞാനികർ എന്നനിലയിൽ സംസ്കാരപഠനം നമ്മെ പുനർനിർമിക്കുന്നു. നമ്മുടെ വൈജ്ഞാനികശീലങ്ങളെ മാറ്റിമറിച്ച് പുതിയ സംഘടിത സ്വഭാവമുള്ള സംരംഭങ്ങൾ ഏറ്റെടുക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. നിലവിലെ വിജ്ഞാനവഴികളിൽനിന്ന് വേണ്ടവ സ്വീകരിച്ച് സമൂഹത്തെ കുറിച്ചുള്ള പുതിയ കഥകൾ പറയാൻ അത് നമ്മെ പ്രാപ്തരാക്കുന്നു. 'സംസ്കാരം

എന്നത് നമ്മൾ നമ്മെക്കുറിച്ച് സ്വയം പറയുന്ന കഥകളുടെ ഒരു കൂട്ടമാണ്' എന്ന ക്ലിഫോർഡ് ഗിയേർട്സിന്റെ സംസ്കാരനിർവചനം ഇതിലേക്കാണ് വിരൽചൂണ്ടുന്നത്.* രാഷ്ട്രീയസ്വഭാവമുള്ളതാണ് ഇത്തരം കഥകൾ. പുതിയ വിഭാവനകളിൽ, പുതിയ സ്ഥലരാശികളിൽ, പുതിയ സഹകരണങ്ങളിൽ സംസ്കാരപഠനം രാഷ്ട്രീയപ്രബുദ്ധത സാധ്യമാക്കുന്നു. ആത്മപരിശോധനയും നിരന്തരപരിണാമവും സംസ്കാരപഠനത്തിന്റെ ഭാഗമാവുന്നു.

## ബൗദ്ധികജീവിതവും പൊതുസമൂഹവും

ഇത്തരം നോട്ടങ്ങളെയും സാമൂഹിക ഉത്കണ്ഠകളെയും അന്തർവൈജ്ഞാനികമായി പ്രതിഷ്ഠിക്കുന്ന അന്വേഷണങ്ങളും കാണാം. ധൈഷണികരെക്കുറിച്ചുള്ള റോമില ഥാപ്പറിന്റെ നിരീക്ഷണങ്ങൾ ഉദാഹരണമാണ്.* തത്വചിന്ത, ശാസ്ത്രം, രാഷ്ട്രീയം എന്നി മേഖലകളിൽ നിന്നുകൊണ്ട് റോമില ഥാപ്പറിന്റെ അഭിപ്രായങ്ങൾ പുനരാലോചനകൾക്ക് വിധേയമാക്കപ്പെടുന്നു. സവിശേഷമായ ആധുനികതാവിമർശനങ്ങളായി ഇവയെല്ലാം മാറുന്നു. ജൈവബുദ്ധിജീവികൾക്ക് ആഗോള, ഇന്ത്യൻ സന്ദർഭങ്ങളിൽനിന്ന് ഉദാഹരണങ്ങൾ അവതരിപ്പിക്കുന്നു റോമില ഥാപ്പർ. അതിനെ വർത്തമാന ഇന്ത്യൻ അടിയന്തിരസാഹചര്യത്തോട് ചേർത്തുവെച്ച് പൊതുസമൂഹത്തെയും പൊതുബുദ്ധിജീവിതത്തെയും സംബന്ധിച്ച കാഴ്ചപ്പാടുകൾ വിപുലപ്പെടുത്തുന്നു. "ചിന്തകളുടെയും ആശയങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഒരു ബൗദ്ധികപൈതൃകം നമുക്കുണ്ട്. ഈ പൈതൃകം സ്മാരകങ്ങൾക്കും ആചാരങ്ങൾക്കും അതീതമാണ്. മതത്തെയും സാമൂഹികകോഡുകളെയും വെല്ലുവിളിക്കുന്ന സാർവത്രിക സ്വഭാവങ്ങളുടെ ഈ പൈതൃകത്തെയാണ് നാം വീണ്ടെടുക്കേണ്ടത്."(2015:17)* പൊതുധൈഷണികതയുടെ നാശത്തിന് കാരണമായ നിരവധി സാഹചര്യങ്ങൾ കാണാം. നവലിബറൽ സാമൂഹികസാഹചര്യം ഉദാഹരണമാണ്.

ഈ ചർച്ചയെ ദാർശനികമായ കൂടുതൽ മാനങ്ങളിലേക്ക് സുന്ദർ സരുക്കായ് വിപുലപ്പെടുത്തുന്നു. ഉപകരണാത്മകതയ്ക്ക് പകരം ധാർമിക സങ്കല്പനമായി പൊതുബുദ്ധിജീവിതത്തെ സരുക്കായ് അവതരിപ്പിക്കുന്നു. അധികാരവിമർശനത്തിന്റെ ഭാഗമായി എന്താണ് നാം ഇതുവരെ ചോദിച്ചുകൊണ്ടിരുന്നതെന്നും എന്താണ് ചോദിക്കേണ്ടതെന്നുമുള്ള ചോദ്യമായി അദ്ദേഹം ഇതിനെ പരിവർത്തിപ്പിക്കുന്നു. ചോദ്യംചെയ്യാനുള്ള നമ്മുടെ താത്പര്യങ്ങളെ തടസ്സപ്പെടുത്തുന്നത് പ്രത്യയശാസ്ത്രം, അറിവില്ലായ്മ, അബോധങ്ങൾ തുടങ്ങിയ ഘടകങ്ങളാണ്. പൊതുബുദ്ധിജീവിതത്തിന്റെ ലക്ഷണങ്ങളായി സത്യസന്ധതയെയും അടിസ്ഥാനവർഗനിലയെയും ഒപ്പം അടിസ്ഥാനവർഗങ്ങൾക്കായി ഉപയോഗപ്രദമായ കാര്യങ്ങൾ ചൂണ്ടികാണിക്കാനുള്ള ശേഷിയെയും സരുക്കായ് ചൂണ്ടിക്കാണിക്കുന്നു. അപരതയെ പരിഗണിക്കേണ്ടുന്ന ധൈഷണികജീവിതത്തെ സരുക്കായ് ഊന്നുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യൻതത്വചിന്ത മുന്നോട്ടുവെച്ച വിനിമയധാർമികത പ്രധാനമാണ്. "വൈരുധ്യാത്മകമായ നിലപാടുകൾ



വഹിക്കുന്ന എതിരാളികൾ തമ്മിലുള്ള സംവാദങ്ങളെ നേരിടാൻ ഇന്ത്യൻ ദാർശനികവ്യവസ്ഥിതിയിൽ സുസ്ഥിരമായ ഒരു രീതിശാസ്ത്രതന്ത്രം ഉണ്ടായിരുന്നു. അത്തരം തന്ത്രങ്ങൾ ഒരു പൊതുചർച്ചയുടെ നൈതികതയുടെ ഭാഗമാകുമോ എന്ന് പരിഗണിക്കുന്നത് ഉപയോഗപ്രദമായിരിക്കും."(2015:59)*

## സംസ്കാരസംഘർഷവും പൊതുസമൂഹവും മലയാളസാഹിത്യഗവേഷണചരിത്രത്തിൽ

ഔപചാരികവും അനൗപചാരികവുമായ മലയാളസാഹിത്യഗവേഷണചരിത്രം സംസ്കാരസംഘർഷങ്ങളുടെ പ്രതിനിധാനമണ്ഡലം കൂടിയാണ്. ആദ്യകാല സാഹിത്യഗവേഷണം തന്നെ ദേശീയവും സവർണവുമായ അഭിരുചികൾ തമ്മിലുള്ള സംഘർഷമണ്ഡലമായിരുന്നു. സവർണവിചാരമാതൃകകളുടെ അധ്യാരോപമായിരുന്നു ഇതിന്റെ അനന്തരഫലം. ചേലനാട്ട് അച്യുതമേനോന്റെ 'എഴുത്തച്ഛനും കാലവും'(1938) എന്ന ഗവേഷണപ്രബന്ധത്തിൽനിന്ന് വി. എസ്. ശർമയുടെ 'കുഞ്ചൻനമ്പിയാർ ജീവിതവും കൃതികളും'(1974) എന്ന ഗവേഷണപ്രബന്ധത്തിലേക്കുള്ള ദൂരത്തെ ഇങ്ങനെകൂടി മനസ്സിലാക്കാം. പാശ്ചാത്യവും പൗരസ്ത്യവുമായ ചിന്താപദ്ധതികൾ ഉറച്ചുവരുന്ന മലയാളസാഹിത്യഗവേഷണത്തിന്റെ രണ്ടാംഘട്ടം അധികാരത്തിന്റെ മൗലികയുക്തികളെ ആധികാരികതയോടെതന്നെ ഗവേഷണമണ്ഡലത്തിൽ ഉറപ്പിക്കുകയായിരുന്നു. ചാത്തനാത്ത് അച്യുതനുണ്ണിയുടെ 'അലങ്കാരശാസ്ത്രം മലയാളത്തിൽ'(1984) എന്ന പ്രബന്ധത്തെയും അഴീക്കോടിന്റെ 'മലയാളസാഹിത്യവിമർശനത്തിലെ വൈദേശികപ്രഭാവം' (1981) എന്ന പ്രബന്ധത്തെയും ഇങ്ങനെ നോക്കിക്കാണാവുന്നതാണ്. അഴീക്കോടിൽ സംസ്കാരം പ്രതിരോധസൂചകമായി മാറുന്നുണ്ടെങ്കിലും അധികാരയുക്തികൾ ഫലത്തിൽ വിശകലനത്തെയും അറിവുനിർവഹണത്തെയും നിയന്ത്രിക്കുന്നു. ഉത്തരാധുനികവിമർശനനിഷ്ഠ ഗവേഷണം സംസ്കാരപഠനം പോലുള്ള വിജ്ഞാനപദ്ധതികളിലൂടെ സംസ്കാരസംഘർഷങ്ങളെ വിപുലമായി മനസ്സിലാക്കാൻ ശ്രമിച്ചു. സന്ദർഭമായി സ്കറിയാ സക്കറിയയുടെ അന്വേഷണങ്ങളെ മനസ്സിലാക്കാം. സാമൂഹികവിശകലനത്തിലും രാഷ്ട്രീയവിശകലനത്തിലും മുൻമാതൃകകളിൽനിന്ന് മുന്നോട്ട് പോകുന്നതിലും അനിവാര്യമായ സന്ദിഗ്ധതകളെയും അത് തുറന്നുവെയ്ക്കുന്നു.* സംസ്കാരപഠനത്തെ ഘടനാപരമായോ വൈജ്ഞാനികമായ രീതിയായോ ചിലപ്പോഴെങ്കിലും ഈ അന്വേഷണങ്ങൾ അവതരിപ്പിക്കുന്നു. സംസ്കാരപഠനം അതിന്റെ ആരംഭത്തിൽ യൂറോപ്യൻ സന്ദർഭത്തിൽ അനുഷ്ഠിച്ച രാഷ്ട്രീയധർമവും പിൽക്കാലത്ത് അതിനുണ്ടായ വ്യതിചലനങ്ങളും ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്. സംസ്കാരപഠനത്തിലെ പൊതുജനാനുകൂലവും വർഗപരവുമായ നിലയെ ചിലപ്പോഴെങ്കിലും അത് തമസ്കരിക്കുന്നു. നിരന്തരമായ പുതുക്കലുകൾക്ക് പണിപ്പെടുമ്പോഴും സങ്കല്പനപരവും പ്രായോഗികവുമായ ഇത്തരം പരിമിതികൾ സ്കറിയാ സക്കറിയയുടെ സംസ്കാരപഠനസംരംഭങ്ങളെ ബാധിച്ചിരുന്നു. മലയാള സാഹിത്യഗവേഷണത്തെ വ്യാവഹാരികമായി പുനർനിർവചിച്ചും

അതിലേക്ക് 'പൊതു' എന്ന സങ്കല്പനത്തെ കാര്യക്ഷമമായി കണ്ണിച്ചേർത്തും ഗവേഷണസംവാദത്തെ വിപുലപ്പെടുത്തിയും മാത്രമേ മലയാളസാഹിത്യ ഗവേഷണത്തിന് അതിന്റെ ഭാവി കണ്ടെടുക്കാനാവൂ. ഗവേഷണപ്രക്രിയ ഓരോ കാലത്തും ഈ പുതുക്കലാണ് ലക്ഷ്യംവെയ്ക്കുന്നത്.

## കുറിപ്പുകൾ

1. സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ചതാണ് 'മലയാളവഴികൾ'. സുനിൽ പി. ഇളയിടവും എൻ. അജയകുമാറും ചേർന്നാണ് ഇത് എഡിറ്റ് ചെയ്തത്. സ്കറിയാ സക്കറിയയുടെ പ്രബന്ധങ്ങളിൽനിന്നും പ്രഭാഷണക്കുറിപ്പുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രചനകളാണ് കൃതിയിൽ സമാഹരിച്ചിരിക്കുന്നത്. അനുസ്മരണത്തിന്റെ ദൈർഘ്യം ഇവയ്ക്കുണ്ട്.
2. 'സംസ്കാരപഠനത്തിലെ ഉത്തരകാണ്ഡം' എന്ന പി. പി. രവീന്ദ്രന്റെ ലേഖനം.
3. "കൗതുകങ്ങളുള്ള നാമമാണ് മലയാളം. റോമൻ ലിപിയിൽ എഴുതി ഇടത്തുനിന്നോ വലത്തുനിന്നോ വായിച്ചാൽ ഒരേ വാക്കുതന്നെ കിട്ടും. വാക്കിന്റെ മധ്യത്തിലൂടെ കടന്നാൽ രണ്ടു നാമപദങ്ങൾ ചേർന്നുള്ള സംയുക്തപദമാണത്. മലം+അളം = മലയാളം. അളം = താഴ്‌വാരമാണ്. കടലിൽനിന്ന് നോക്കുന്നവനു മലയടിവാരമായി തോന്നുന്നതാണ് മലയാളം. അതായതു മലയാളം പ്രദേശനാമമാണ്. ഭാഷാനാമമായതു പിൽക്കാലത്താണ്. പ്രാചീനപ്രയോഗങ്ങളൊക്കെയും തെളിവാണ്. കേരളഭാഷ, മലയാണ്മ, മലയാളിമ, മലയാഴ്മ എന്നിങ്ങനെയെല്ലാമാണ് ഭാഷയുടെ പേര്. മലയാളം വിളിക്കപ്പെട്ടിരുന്നത്. ശീലാവതിയുടെ മുതൽ ഭാഷയുടെ വ്യക്തിത്വം വെളിവാക്കുന്ന പരാമർശങ്ങൾ കാണാം. അവിടെയൊന്നും മലയാളം ഭാഷാവാചിയല്ല. ഗുണ്ടർട്ടിന്റെ നിഘണ്ടുവും വ്യാകരണവുമാണ് മലയാളം എന്ന പേരു ഭാഷാവാചിയാക്കി ഉറപ്പിച്ചുതന്നത്." (2019: 84)
4. Keywords (1976) എന്ന കൃതി റെയ്മണ്ട് വില്യംസിന്റേത്. New Keywords (2005) Lawrence Grossberg, Meghan Moris എന്നിവർ ചേർന്ന് തയ്യാറാക്കിയ കൃതി.
5. കൗതുകകരമായ രാഷ്ട്രീയത്തിൽ കൊണ്ടുവന്ന ശ്യാമശാസ്ത്രികൾ അതിന്റെ ആഖ്യാനാത്മക മന്ദ്രിവാചകത്തെ അതിനെ തള്ളിപ്പറയുകയായിരുന്നു. മൂലകൃതിയോടുള്ള വിശ്വസ്തതയെ മുൻനിർത്തിയായിരുന്നു ഇത്തരം നോട്ടങ്ങൾ. ഭാഷാപഠനത്തെയും പാഠാന്തരങ്ങളെയും മുൻനിർത്തി പഠനം നടത്തിയ കെ.എൻ. എഴുത്തച്ഛൻ ഭാഷാകൗടലീയത്തിന്റെ ഭാഷാ ചരിത്രമൂല്യം കൃത്യമായി അടയാളപ്പെടുത്തി. കേരളഭാഷയുടെ വികാസപരിണാമങ്ങളിലെ കണ്ണിയായി ഇദ്ദേഹം ഭാഷാകൗടലീയത്തെ കണ്ടു. എം.ജി.എസ്. കേരളവിജ്ഞാന പാരമ്പര്യത്തിലെ കണ്ണിയായി ഭാഷാകൗടലീയത്തെ അവതരിപ്പിച്ചു. ചില പദങ്ങളും പദസംഹിതകളും ഭാഷാകൗടലീയത്തിൽനിന്ന് തെരഞ്ഞെടുത്ത് അവയുടെ പൊരുൾ തേടുകയായിരുന്നു എം.ജി.എസ്. ഈ പഠനാത്മക പ്രാചീന, മധ്യകാല ഗദ്യപഠനത്തിന്റെ രാജപാതയായി വികസിക്കേണ്ടതുണ്ടെന്ന് സ്കറിയാ സക്കറിയ അഭിപ്രായപ്പെടുന്നു.
6. മിഷണറിഗദ്യപഠനത്തിന്റെയും ഗുണ്ടർട്ട് വിജ്ഞാനഗവേഷണത്തിന്റെയും ഭാഗമായി ലഭിച്ച വസ്തുതകൾ ഉപയോഗപ്പെടുത്തി ചെയ്തതാണ് പി.ജെ. തോമസിന്റെ 'മലയാളസാഹിത്യവും ക്രിസ്ത്യാനികളും' എന്ന കൃതിക്കെഴുതിയ ചർച്ചയും പൂരണവും. ഗുണ്ടർട്ടിനെ സംബന്ധിച്ച ഗവേഷണഫലങ്ങൾ 'ഗുണ്ടർട്ടും മലയാളവും' എന്ന പേരിൽ രണ്ടു



വാല്യങ്ങളായി തുബിങ്ങൻ യൂണിവേഴ്സിറ്റിയും മലയാള സർവകലാശാല പ്രസിദ്ധീകരിച്ചു.

7. ഏ. പി. ആൻഡ്രൂസ് കുട്ടിയുടെ മാർഗദർശിത്വത്തിൽ കേരളസർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗത്തിൽ സമർപ്പിച്ച 'മിഷണറി മലയാളഗദ്യത്തിന്റെ ഭാഷാശാസ്ത്രപരമായ അപഗ്രഥനം' എന്ന വിഷയത്തിലാണ് സ്കറിയാ സക്കറിയയുടെ പിഎച്ച്.ഡി. രണ്ടു വാല്യങ്ങളുള്ള ഈ പ്രബന്ധം ഇംഗ്ലീഷിലാണ് സമർപ്പിച്ചത്. വിശദമായ പരസ്യചർച്ചയും പ്രബന്ധത്തിലുണ്ട്.
8. അലക്സിസ് മെനേസിസ് കേരളത്തിലെത്തി ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടി. ഉദയംപേരൂർ സൂനഹദോസ് (1599), ഡയാമ്പർ സിനഡ് (1599) എന്നിവ പ്രാദേശികതലത്തിൽ മലയാളത്തിൽ തയ്യാറാക്കി.
9. "Culture is simply the ensemble of stories we tell ourselves about ourselves" - Clifford Geertz (2017).
10. Thaper et al (2015).
11. "We do have an intellectual heritage of thought and ideas and actions. This heritage goes beyond monuments and rituals and often has universal characteristics that cut across religion and social codes. This is the heritage we need to recover."(Thaper et al 2015:17).
12. "In indian philosophical systems, there was a well-established methodological strategy to deal with debates between opponents who held contradictory positions which was to describe and analyse an opponents view before one's own position was argued for. This is part of a communicative ethics that is applicable to the ethics of the public. It might be useful to consider whether such strategies can become part of the ethics of a public discussion"(Thaper et al 2015:59).
13. പി.വി.വേലായുധൻപിള്ള പ്രാചീന-മധ്യകാല ഗദ്യചരിത്രത്തെ ഹിന്ദുഗദ്യമായും ക്രൈസ്തവഗദ്യമായും വേർതിരിക്കുന്നു. സി. എൽ. ആന്റണിയുടെ ഗദ്യവിശകലനം ആധുനികതയുടെ താൽപര്യങ്ങൾ പിൻപറ്റുന്നു. ഗദ്യവികാസത്തിലെ മറ്റൊരു പരിഗണനാസന്ദർഭമാണ് സ്കറിയാ സക്കറിയയുടേത്.

## ആധാരസൂചി


ജോർജ് കെ.എം. (ജനറൽ എഡി.). 2011. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ. കോട്ടയം: എൻ.ബി.എസ്.

മലയാളപഠനസംഘം. 2007. സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

സ്കറിയാ സക്കറിയ. 2019. മലയാളവഴികൾ, സ്കറിയാ സക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ (ഒന്നും രണ്ടും ഭാഗങ്ങൾ), സമാഹരണവും പഠനവും (ഡോ.സുനിൽ പി.ഇളയിടം, ഡോ.എൻ.അജയകുമാർ). കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ.

അൻവർ അലി എൻ. 2020. ഗദ്യപഠനത്തിന്റെ മലയാളമാതൃകകൾ: സ്കറിയാ സക്കറിയയുടെ ഗദ്യപഠനങ്ങളിലെ വിചാരമാതൃകാ വ്യതിയാനം. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഫാക്കൽറ്റി ഓഫ് ഇന്ത്യൻ